# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്



# വികസന റിപ്പോർട്ട് 1996

അധികാരം ജനങ്ങളിലേക്ക്

# പല്ലാരിമംഗലം

# ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്
## 1996

# PALLARIMANGALAM PANCHAYAT



# ഉള്ളടക്കം


I ആമുഖം

II ചരിത്രപശ്ചാത്തലം

III വികസനമേഖലകൾ

(a) കൃഷിയും ജലസേചനവും

(b) മൃഗസംരക്ഷണവും മത്സ്യബന്ധനവും

(c) വ്യവസായം

(d) ഗതാഗതം - ഊർജ്ജം

(e) വിദ്യാഭ്യാസം

(f) പൊതുജനാരോഗ്യവും കുടിവെള്ളവും

(g) പാർപ്പിടവും ക്ഷേമപ്രവർത്തനങ്ങളും

(h) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

(i) വനിതാക്ഷേമം

(j) സംസ്ക്കാരം

(k) സഹകരണം

(l) വിഭവസമാഹരണം

(VI) കർമ്മസമിതി

(V) ഉപസംഹാരം

(VI) ഈ റിപ്പോർട്ടിന്റെ ശില്പികൾ

# ആമുഖം

പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ലയുടെ ഏറ്റവും കിഴക്കേയറ്റത്ത് ഇടുക്കിജില്ലയോടുചേർന്ന് സ്ഥിതിചെയ്യുന്നു. കോതമംഗലം ആറിനിരുവശവുമായി കിടക്കുന്ന ഈ പഞ്ചായത്തിന് 15.82 Sq. K.M. വിസ്തീർണ്ണമുണ്ട്. 1991ലെ സെൻസസ് പ്രകാരം 5760 സ്ത്രീകളും 5758 പുരുഷന്മാരും ഉൾപ്പടെ മൊത്തം ജനസംഖ്യ 11518 ആണ്. ജനസംഖ്യയിൽ 80 ശതമാനത്തോളം കർഷകരും കർഷകത്തൊഴിലാളികളും ആണ്. 8 വാർഡുകളായി വിഭജിച്ചിരിക്കുന്ന ഈ പഞ്ചായത്തിന്റെ പ്രധാനവരുമാനം കാർഷികമേഖലയിൽ നിന്നുള്ളതാണ്. 9ാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി ഈ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ സഹായത്തോടെ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

9ാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച സംസ്ഥാന ഗവണ്മെന്റിന്റെയും പ്ലാനിംഗ് ബോർഡിന്റെയും നിർദ്ദേശാനുസരണം 21.9.96ൽ പഞ്ചായത്തുതല ശില്പശാല നടത്തുകയും തുടർന്ന് 8 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയും ചെയ്തു. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്നേഹപൂർവ്വം
(ഒപ്പ്)
**കദീജാ മക്കാർ**
പ്രസിഡന്റ്



ശ്രീ. വി. ജെ പൗലോസ്

എം. എൽ. എ



ശ്രീ. വർക്കി മത്തായി

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

ജില്ലാ പഞ്ചായത്ത്

## ഭരണസമിതിയംഗങ്ങൾ



ശ്രീമതി. കദീജാ മക്കാർ
പ്രസിഡന്റ്



ശ്രീ. കെ.പി സൈനുദ്ദീൻ
വൈസ് പ്രസിഡന്റ്



ശ്രീമതി മീരാ ബീവി അബ്ദുൾ റഹിമാൻ
സ്റ്റാ. കമ്മിറ്റി ചെയർ പേഴ്സൺ



ശ്രീ കെ പി മക്കാർ
മെമ്പർ വാർഡ് 2 (മുൻ പ്രസി.)



ശ്രീ. എം എ തങ്കപ്പൻ
മെമ്പർ വാർഡ് 3



ശ്രീ പി ഇ മുഹമ്മദ് ഷാ
മെമ്പർ വാർഡ് 5



ശ്രീമതി. പാത്തുമ്മ മൊയ്തു
മെമ്പർ വാർഡ് 6



ശ്രീ. കെ.എം.ബാവുകുട്ടി
മെമ്പർ വാർഡ് 8



ശ്രീ. എം.എസ്.മുഹമ്മദാലി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

## നമ്മുടെ ജനപ്രതിനിധികൾ

| | | |
|---|---|---|
| 1. | ശ്രീ. പി.സി.തോമസ് | പാർലമെന്റ് മെമ്പർ |
| 2. | ശ്രീ. വി.ജെ.പൗലോസ് | എം.എൽ.എ |
| 3. | ശ്രീ. വർക്കി മത്തായി | ജില്ലാ പഞ്ചായത്ത് മെമ്പർ |
| 4. | ശ്രീ. എം.എസ്.മുഹമ്മദാലി | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |

## മുൻ ഭരണസമിതിയംഗങ്ങൾ

പ്രസിഡന്റ് :- ശ്രീ. കെ. പി. മക്കാർ

വൈസ് പ്രസിഡന്റ് :- ശ്രീ. കെ. എം. എ. മജീദ്

**മെമ്പറന്മാർ**

1. ശ്രീ. കെ. ബി. മുഹമ്മദ്
2. ശ്രീമതി. ജമീലാ മുഹമ്മദ്
3. ശ്രീ. കെ. പി. സൈനുദ്ദീൻ
4. ശ്രീമതി. കുഞ്ഞമ്മ സെയ്തുമുഹമ്മദ്
5. ശ്രീ. കെ. എം. മുഹമ്മദ്
8. ശ്രീ. പി. കെ. രാമചന്ദ്രൻ

## പഞ്ചായത്ത് രൂപീകരണ സഹായികൾ (1978)

മുഖ്യമന്ത്രി - ശ്രീ. എ. കെ. ആന്റണി

വകുപ്പുമന്ത്രി - ശ്രീ. അവുക്കാദർ കുട്ടിനഹ

എം. പി. ശ്രീ. ജോർജ്ജ് ജെ. മാത്യു

എം. എൽ. എ - ശ്രീ. എം. വി. മാണി

## പഞ്ചായത്ത് രൂപീകരണത്തിന് മുൻപന്തിയിൽ ഉണ്ടായിരുന്നവർ

ശ്രീ. കെ. പി. മക്കാർ (കുന്നേക്കുടി), ശ്രീ. എം. എം. അബ്ദുൽ റഹിമാൻ (മങ്ങാട്ട്), ശ്രീ. എം. എം. അന്ത്രു (മുകളേൽ), ശ്രീ. കെ. ബി. മുഹമ്മദ് ഷാഫി (കുന്നും പുറത്ത്), ശ്രീ. കെ. എം. അലിക്കുഞ്ഞ് (കാഞ്ഞിരക്കാട്ട്), ശ്രീ. കെ. എം. ജോസ് (കുന്നും പുറത്ത്), ശ്രീ. കെ. പി. രാമൻ (കുന്നത്ത്), ശ്രീ. കെ. പി. മക്കാർ (കല്ലുംപുറത്ത്), ശ്രീ. മൊയ്തു ഹാജി (കവലയിൽ), ശ്രീ. ആലിപ്പിള്ള മുഹമ്മദ് (മുകളേൽ)
തുടങ്ങി പല പ്രമുഖ വ്യക്തികളും പഞ്ചായത്ത് രൂപീകരണ ശില്പികളിൽ ഉൾപ്പെടുന്നു.

## സ്പെഷ്യൽ ഓഫീസർമാർ (1978-1989)

1. ശ്രീ. എൻ. ശിവശങ്കരൻ നായർ
2. ശ്രീ. സി. എ. കുരുവിള
3. ശ്രീ. കെ. വി. ചാക്കോ
4. ശ്രീ. വി. എ. ജോൺ

## എക്സിക്യൂട്ടീവ് ഓഫീസർമാർ / സെക്രട്ടറിമാർ

1. ശ്രീ. കെ. വി. ചാക്കോ
2. ശ്രീ. വി. പി. കുര്യാക്കോസ്
3. ശ്രീമതി. അന്നമ്മ ജോൺ
4. ശ്രീ. കെ. പി. പൗലോസ്
5. ശ്രീ. കെ. എ. അഗസ്തി
6. ശ്രീ. എം. എം. അബ്ദുൽ റഹിമാൻ
7. ശ്രീ. കെ. എം. അബ്ദുൽ നാസ്സർ
8. ശ്രീ. പി. എൻ. അബൂബക്കർ സിദ്ധിക്ക്
9. ശ്രീ. സി. കെ. തേവൻ
10. ശ്രീ. പി. ഒ. ജോയി

# ഈ റിപ്പോർട്ടിന്റെ ശില്പികൾ

1. ശ്രീ. എം.എം. അബ്ദുൽറഹിമാൻ, ജൂനിയർ സൂപ്രണ്ട്, ബ്ലോക്ക് ഓഫീസ്, കോതമംഗലം.
2. ശ്രീ.എം.എൻ. രാധാകൃഷ്ണൻ, റിട്ടയർഡ് അദ്ധ്യാപകൻ (ജനറൽ കൺവീനർ.)
3. ശ്രീ.കെ.കെ. മൈതീൻ, ജൂനിയർ സൂപ്രണ്ട്, ഡി.ഇ.ഒ. ഓഫീസ്, കോതമംഗലം.
4. ശ്രീ.കെ.കെ. ഹുസൈൻ, കൃഷി ഓഫീസ്, അടിവാട്.
5. ശ്രീ.കെ.ഇ. സെയ്തു മുഹമ്മദ്, സിവിൽ സപ്ലൈസ് ഓഫീസ്, മുവാറ്റുപുഴ.
6. ശ്രീ.കെ.എസ്. മൈതീൻ കുഞ്ഞ്, സർവ്വേയർ, ഇടുക്കി.
7. ശ്രീ.പി.കെ. മൊയ്തു, സംസ്കൃത യൂണിവേഴ്സിറ്റി, കാലടി.
8. ശ്രീ.കെ. എ. സെയ്തു, അടിവാട്.
9. ശ്രീ.പി.പി. ജോയി, പഞ്ചായത്ത് ഓഫീസ്, പല്ലാരിമംഗലം.
10. ശ്രീ.പി.പി. ഇബ്രാഹിം, വില്ലേജ് ഓഫീസ്, കുട്ടമ്പുഴ.
11. ശ്രീ.മുഹമ്മദ് ഖാൻ, കെ.എസ്.ഇ.ബി., പോത്താനിക്കാട്.
12. ശ്രീ.റ്റി.പി. അസൈനാർ, ജി.വി.എച്ച്.എസ്.എസ്., പല്ലാരിമംഗലം.

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്
# വികസനറിപ്പോർട്ട് - 1996

## പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | പോത്താനിക്കാട്, കുട്ടമംഗലം, വാരപ്പെട്ടി, നേര്യമംഗലം. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പല്ലാരിമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : | കോതമംഗലം |
| താലൂക്ക് | : | കോതമംഗലം |
| അസംബ്ലി മണ്ഡലം | : | കോതമംഗലം |
| വിസ്തീർണ്ണം | : | 15.82 ച.കി.മീ. |
| അതിരുകൾ | : | |
| വടക്ക് | : | കവളങ്ങാട് പഞ്ചായത്ത് കോതമംഗലം ആറ്. |
| കിഴക്ക് | : | കവളങ്ങാട്, പൈങ്ങോട്ടൂർ പഞ്ചായത്തുകൾ |
| തെക്ക് | : | പോത്താനിക്കാട് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വാരപ്പെട്ടി പഞ്ചായത്ത് |
| ജനസംഖ്യ | : | 11518 (1991 ലെ സെൻസസ്) |
| വാർഡുകൾ | : | എട്ട് |
| പ്രസിഡന്റ് | : | ശ്രീമതി. കദീജാ മക്കാർ |
| വൈസ് പ്രസിഡന്റ് | : | ശ്രീ.കെ.പി. സൈനുദീൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ | : | ശ്രീമതി. മീരാബീവി അബ്ദുൽ റഹിമാൻ |

# ചരിത്ര പശ്ചാത്തലം

1978 ജൂൺ മാസം 3-ാം തീയതി പല്ലാരിമംഗലം പഞ്ചായത്ത് രൂപീകൃതമായി. ബഹു. എ.കെ. ആന്റണി മുഖ്യമന്ത്രിയും അവുക്കാദർ കുട്ടി നഹാസാഹിബ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായിട്ടുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ് ഈ പഞ്ചായത്ത് നമുക്ക് നല്കിയത്. അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. എം.വി. മാണിയേയും, പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന അവുക്കാദർ കുട്ടി നഹാ സാഹിബിനേയും നന്ദിയോടെ സ്മരിക്കുന്നു.

പോത്താനിക്കാട്, കവളങ്ങാട്, വാരപ്പെട്ടി പഞ്ചായത്തുകളുടെ അവികസിതമായി കിടന്നിരുന്ന ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഈ പഞ്ചായത്തിന്റെ രൂപീകരണം നടത്തിയപ്പോൾ ഈ പ്രദേശത്തെ ജനങ്ങളുടെ ഒരു ചിരകാല സ്വപ്നമാണ് സാക്ഷാത്ക്കാരമായത്.

മുൻപ് വാരപ്പെട്ടി, കുട്ടമംഗലം വില്ലേജുകളുടെ ഭാഗമായിരുന്ന ഈ പ്രദേശം പോത്താനിക്കാട്, വാരപ്പെട്ടി, കുട്ടമംഗലം, നേര്യമംഗലം എന്നീ വില്ലേജുകളിലായിട്ടാണ് ഇപ്പോൾ കിടക്കുന്നത്. പല വികസന പ്രവർത്തനങ്ങൾക്കും ഇത് തടസ്സമാകുന്നു. ഈ പ്രശ്നത്തിനുള്ള ഏകപരിഹാരം പല്ലാരിമംഗലം വില്ലേജ് രൂപീകരിക്കുക എന്നതാണ്. "ഒരു പഞ്ചായത്തിന് ഒരു വില്ലേജ് " എന്ന പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കുവാൻ ബഹു ഗവണ്മെന്റ് മുൻകൈ എടുക്കണം.

ഈ പഞ്ചായത്തിന്റെ വടക്കു കോതമംഗലം ആറും, കവളങ്ങാട് പഞ്ചായത്തും, കിഴക്ക് കവളങ്ങാട്, പൈങ്ങോട്ടൂർ പഞ്ചായത്തകളും തെക്ക് പോത്താനിക്കാട് പഞ്ചായത്തും പടിഞ്ഞാറ് വാരപ്പെട്ടി പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

1978ൽ പഞ്ചായത്ത് രൂപീകരിച്ചു എങ്കിലും 1989 വരെ ജനകീയ ഭരണ സമിതി ഇല്ലായിരുന്നു. സ്പെഷ്യൽ ആഫീസർ ഭരണമായിരുന്നു ഇക്കാലത്ത്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ വളരെ അധികം വികസന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നു. മണിക്കിണർ ഹോമിയോ ഡിസ്പെൻസറി, പല്ലാരിമംഗലം PHC, മടിയൂർ L.P. സ്കൂൾ, കൂവള്ളൂർ U.P. സ്കൂൾ, കൊടമണ്ട കൂവള്ളൂർ റോഡ്, കൂറ്റംവേലി കുത്തുകുഴി റോഡ്, കൊടമണ്ട പാലം, വെള്ളാരമറ്റം - പൈമറ്റം റോഡ് എന്നിവയാണ് അതിൽ പ്രധാനപ്പെട്ടവ.

## പല്ലാരിമംഗലം PHC

1979ൽ പല്ലാരിമംഗലം റൂറൽ ഡിസ്പെൻസറിയായി അനുവദിച്ച് 1982ൽ PHC ആയി ഉയർത്തിയ ഈ സ്ഥാപനത്തിന് ഒരേക്കർ സ്ഥലം കൂവള്ളൂർ L.P. സ്കൂൾ മാനേജിംഗ് കമ്മറ്റി അംഗങ്ങളായിരുന്ന കൊളത്തായിൽ അഹമ്മദ് ഹാജി, കവലയിൽ മൊയ്തു ഹാജി, മാറാട്ടിച്ചാലിൽ കാതിരു സാഹിബ് എന്നിവർ സൗജന്യമായി നല്കിയതും അര ഏക്കർ സ്ഥലം ഇന്നാട്ടിലെ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് വിലക്ക് വാങ്ങി നല്കിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ ഏറ്റവും സഹായിച്ച ബഹു.പി.എം. മൈതീൻ ഹാജി (കേരള മൈതീൻ)യെ ഈ അവസരത്തിൽ സ്മരിക്കുന്നു. കൂവള്ളൂർ PMSAPTM യു.പി.സ്കൂളും, മടിയൂർ SSM L.P. സ്കൂളും ബഹു. സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോഴാണ് അനുവദിച്ചത്. പല്ലാരിമംഗലം ഹൈസ്കൂൾ VHS സ്കൂൾ ആക്കി ഉയർത്തിയത് ബഹു. ടി.എം.ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോഴാണ്.

ഈ പഞ്ചായത്ത് പ്രദേശത്തെ പല പ്രധാന സ്ഥാപനങ്ങൾക്കും കഴിഞ്ഞ 400 വർഷത്തെ ചരിത്രം പറയുവാനുണ്ട്. വളരെ പുരാതനമായ ഒരു ക്രിസ്തീയ ദേവാലയമാണ് പരീക്കണ്ണിക്കു സമീപമുള്ള സെന്റ് ജോർജ്ജ് യാക്കോബായ പള്ളി. ഈ പഞ്ചായത്തിലെ ഏക ക്രിസ്തീയ ദേവാലയമാണിത്.

പല്ലാരിമംഗലം ശിവക്ഷേത്രം, കൂവള്ളൂർ ശിവ ക്ഷേത്രം, മടിയൂർ കാവ് എന്നിവ വളരെ പുരാതനങ്ങളായ ഹൈന്ദവ ആരാധനാലയങ്ങളാണ്. പരമശിവനും മഹാ വിഷ്ണുവും ഒരുമിച്ച് ഒരു മതിൽക്കെട്ടിനുള്ളിൽ ഇരിക്കുന്ന കേരളത്തിലെ മൂന്ന് ക്ഷേത്രങ്ങളിലൊന്നാണ് പല്ലാരിമംഗലം ശിവക്ഷേത്രം. ജീർണ്ണാവസ്ഥയിൽ കിടന്ന ഈ ക്ഷേത്രം പല്ലാരിമംഗലം ഹൈന്ദവ സേവാസമിതിയുടെ പ്രവർത്തനഫലമായി പുനരുദ്ധാരണം നടത്തി സംരക്ഷിച്ചുപോരുന്നു.

പല്ലാരിമംഗലം ജുമാ മസ്ജിത് ഈ പ്രദേശത്തെ ഏറ്റവും പഴക്കംചെന്ന മുസ്ലീം പള്ളികളിലൊന്നാണ്. പ്രസിദ്ധരായ അനേകം ഇസ്ലാമിക പണ്ഡിതരെ വാർത്തെടുത്ത തെക്കൻ കേരളത്തിലെ പ്രശസ്തമായ ഒരു "ദറസ്" ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ട് 80 വർഷം കഴിഞ്ഞു. അതിനുശേഷം ആരംഭിച്ച പള്ളികളാണ് മറ്റുള്ളവയെല്ലാം.

"99ലെ വെള്ളപ്പൊക്ക”ത്തെ കുറിച്ച് വളരെ ഭീതിയോടെ ഓർക്കുന്ന പല കാരണവന്മാരും ഇന്നിവിടെ ജീവിച്ചിരിപ്പുണ്ട്. കൊല്ലവർഷം 1099ൽ നടന്ന ഈ സംഭവം ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയിൽ വളരെയധികം മാറ്റം വരുത്തിയതായി പഴമക്കാർ വിശ്വസിക്കുന്നു. അടിവാട് ചന്ത കോതമംഗലം, മൂവാറ്റുപുഴ ചന്തകൾ ഉണ്ടാകുന്നതിനു മുമ്പേതന്നെ ഉണ്ടായിരുന്നു. ഈ പ്രദേശത്തെ കാർഷിക വിഭവങ്ങളുടെ പ്രധാന വിപണിയായിരുന്നു ഈ ചന്ത. കാലക്രമേണ ഇതിന്റെ പ്രവർത്തനം ക്ഷയിച്ചുപോയി.

ഈ പഞ്ചായത്ത് പ്രദേശത്തെ ആദ്യത്തെ രണ്ട് വിദ്യാലയങ്ങളാണ് 1932ൽ ആരംഭിച്ച അടിവാട് L.P. സ്കൂളും, 1939 ൽ ആരംഭിച്ച പൈമറ്റം L.P. സ്കൂളും. കല്ലുംപുറത്ത് ഇസ്മയിൽ പരീത് ഹാജി മാനേജരായി അടിവാട് L.P. സ്കൂൾ ആരംഭിച്ചു. അദ്ദേഹവും കവലയിൽ കുഞ്ഞഹമ്മദ് ഹാജിയുമായിരുന്നു ആദ്യമായി ഈ സ്കൂളിന് സ്ഥലം നൽകിയത്. 1948ൽ കുഞ്ചാട്ട് കെ.എം. ഉമ്മർ സാഹിബ് മാനേജരായിരിക്കുമ്പോൾ ഗവണ്മെന്റിലേക്ക് വിട്ടുകൊടുത്ത ഈ സ്കൂൾ 1963ൽ U.P. സ്കൂളായും 1968ൽ ബഹു. സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയും ടി.എം. മീതിയൻ എം.എൽ.എ.യുമായിരിക്കുമ്പോൾ ഹൈസ്കൂളായി ഉയർത്തി. 1984ൽ ശ്രീ.ടി.എം.ജേക്കബ് മന്ത്രിയായിരിക്കുമ്പോൾ വോക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി.

തോണിക്കല്ലിൽ ശ്രീ.ടി.എം. മൈതീൻ സാഹിബ് മാനേജരായി പൈമറ്റം L.P. സ്കൂൾ ആരംഭിച്ചു. 1950ൽ ഗവണ്മെന്റിലേക്ക് വിട്ടുകൊടുത്തശേഷം 1958ൽ യു.പി.സ്കൂളായി ഉയർത്തി. ഒരു ഹൈസ്കൂളാക്കുവാനുള്ള എല്ലാ സാദ്ധ്യതകളും ഉള്ള ഒരു സ്കൂളാണിത്. അടിവാട് ദേശീയ വായനശാല 1948ൽ അമലിപ്പുറത്ത് എ.കെ.സെയ്തുമുഹമ്മദ് സാഹിബും എസ്. പ്രഭാകരൻപിള്ളയും (എസ്.പി. സാർ) കൂടി മുൻകൈ എടുത്ത് ആരംഭിച്ചതാണ്.

പഞ്ചായത്തിന്റെ ആസ്ഥാനം വെള്ളാരമറ്റത്ത്, പഞ്ചായത്തിന്റെ സ്വന്തമായ 25 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്ത് രൂപീകരണസമയത്ത് വെള്ളാരമറ്റം കവലയിലുള്ള ആലപ്പുറത്ത് കുട്ടി ബാവു സാഹിബിന്റെ കെട്ടിടത്തിലാണ് ഓഫീസ് ആരംഭിച്ചത്. പിന്നീട് കല്ലുംപുറത്ത് പരീത് ഇസ്മായിൽ, പരീത് മക്കാർ, പരീത് മുഹമ്മദ് എന്നീ സഹോദരങ്ങൾ ചേർന്ന് സൗജന്യമായി നൽകിയ 9 സെന്റ് സ്ഥലവും പൊതുജനപങ്കാളിത്തത്തോടുകൂടി വാങ്ങിയ 16 സെന്റ് സ്ഥലവും കൂടിയതാണ് 25 സെന്റ് സ്ഥലം. പഞ്ചായത്ത് ഡയറക്ടറായിരുന്ന ശ്രീ.എം.സുബ്ബയ്യൻ 14.7.1978 ൽ ശിലാസ്ഥാപനം നടത്തി ബഹു. പഞ്ചായത്തു വകുപ്പ് മന്ത്രി അവുക്കാദർ കുട്ടി നഹാ സാഹിബ് 14-1-1984ൽ ഉത്ഘാടനം ചെയ്ത കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്.

ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി വന്നത് 1989ൽ മാത്രമാണ്. പഞ്ചായത്തു രൂപീകരണത്തിൽ മുഖ്യശില്പികളിൽ ഒരാളായ ശ്രീ.കെ.പി.മക്കാർ സാഹിബ് ആണ് പ്രഥമ പ്രസിഡന്റ്. പ്രസ്തുത ഭരണസമിതിയുടെ കാലത്ത് ധാരാളം വികസന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. മണിക്കിണർ ഫുട്ട്ബ്രിഡ്ജ്, വള്ളക്കടവ് ഫുട്ട് ബ്രിഡ്ജ്, അടിവാട് മാർക്കറ്റ്, കളിസ്ഥലം, കൃഷിഭവൻ, നഴ്സറി സ്കൂളിന് സ്ഥലം, വെള്ളാരമറ്റത്തും വെയ്റ്റിംഗ്ഷെഡ് കവലയിലും സാംസ്കാരിക കേന്ദ്രങ്ങൾ, PHC ക്ക് സ്വന്തമായി 10 കിടക്കകളുള്ള കെട്ടിടം, മോർച്ചറി, ക്വാർട്ടേർസ്, വെള്ളാരമറ്റം ചപ്പാത്ത് തുടങ്ങിയവയും നിർമ്മിച്ചു. യാതൊരു ശുദ്ധജല പദ്ധതികളും ഇല്ലാതിരുന്ന ഈ പഞ്ചായത്തിൽ പോത്താനിക്കാട് വില്ലേജ് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കി. ഈ പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് പറമ്പഞ്ചേരിയിൽ 25 സെന്റ് സ്ഥലം വിലക്ക് വാങ്ങിയാണ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. പുലിക്കുന്നേൽപടിയിൽ ഒരു മൃഗാശുപത്രി സ്ഥാപിച്ചു.

സംസ്ഥാനതലത്തിൽ വളരെ ശ്രദ്ധപിടിച്ചുപറ്റിയ ഒരു പഞ്ചായത്താണിത്.

കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിലും നികുതി പിരിവ് നൂറ് ശതമാനമാണ്. 4 പ്രാവശ്യം സംസ്ഥാനത്ത് ആദ്യമായി നികുതിപിരിവ് പൂർത്തിയാക്കിയ പഞ്ചായത്തിനുള്ള സംസ്ഥാന ബഹുമതിയും, അവാർഡും സ്വർണ്ണമെഡലും ലഭിച്ചിട്ടുണ്ട്.

1989 ശ്രീ. വി.ജെ. തങ്കപ്പൻ പഞ്ചാ. വകുപ്പ് മന്ത്രിയായിരുന്നപ്പോൾ 11 ഇന പരിപാടിയിൽ ആ വർഷം ആരംഭിച്ച 3 പദ്ധതികളും (കളിസ്ഥലം, നേഴ്സറിസ്കൂൾ, സാംസ്കാരിക നിലയം) നടപ്പിലാക്കിയ ജില്ലയിലെ ഏക പഞ്ചായത്താണിത്.

1992-93ൽ അൺടൈഡ് ഫണ്ടിന്റെ സംസ്ഥാനതല ഉത്ഘാടനം വലിയ ഉത്സവമായി ഈ പഞ്ചായത്തിൽ നടത്തി. അന്നത്തെ പഞ്ചാ. വകുപ്പ് മന്ത്രി C.T. അഹമ്മദാലി ആയിരുന്നു ഉത്ഘാടകൻ.

1993-94 സാമ്പത്തിക വർഷത്തിൽ സ്വാശ്രയ പഞ്ചായത്തായി തെരഞ്ഞെടുത്ത 101 ഗ്രാമ പഞ്ചായത്തുകളിൽ ഒരെണ്ണം നമ്മുടെ പഞ്ചായത്താണ്. ഖാദി ബോർഡിന്റെ ചർക്കാ ഗ്രാമമായി തെരഞ്ഞെടുത്ത എറണാകുളം ജില്ലയിലെ ഏക പഞ്ചായത്താണ് പല്ലാരിമംഗലം.

1995-96ൽ അടിവാട് പഞ്ചായത്ത് വക സ്ഥലത്ത് പൊതുജന പങ്കാളിത്തത്തോടെ 2,35000 രൂപയോളം ചെലവഴിച്ച് കൃഷിഭവൻ പണികഴിപ്പിച്ചു.

മദ്യഷാപ്പുകൾ ഇല്ലാത്ത കേരളത്തിലെ ഏക പഞ്ചായത്താണ് പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.



# വികസനമേഖലകൾ

## 1. കൃഷിയും ജലസേചനവും

### കൃഷി

**ചരിത്രപശ്ചാത്തലം**

കാർഷിക പശ്ചാത്തലമുള്ള ഗ്രാമീണമേഖലയാണ് പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്. ഇരുപ്പൂ നിലങ്ങളും ഒരുപ്പൂ നിലങ്ങളും അതിനോട് ചേർന്ന്കിടക്കുന്ന ചെറിയ കുന്നുകളോടുംകൂടിയ കരപ്രദേശമുള്ള ഭൂപ്രകൃതി. കരപ്രദേശത്തു പ്രധാനമായും തെരുവപ്പുല്ല്, കശുമാവ് എന്നിവ കൃഷി ചെയ്തിരുന്നു. ഭൂവുടമകളും കർഷകത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെട്ടതായിരുന്നു ഇവിടുത്തെ കാർഷികമേഖല. ഇവിടെ ഉല്പാദിപ്പിച്ചിരുന്ന പുൽത്തൈലം, കശുവണ്ടി, ചുക്ക് മുതലായ ഉൽപ്പന്നങ്ങൾ തലച്ചുമടായും കാളവണ്ടിയിലും കുഴികണ്ടം കടവു കടന്ന് അടുത്ത് വില്പനകേന്ദ്രമായ മൂവാറ്റുപുഴയിലെത്തിച്ചിരുന്നു.

തായ് നിലങ്ങളിൽ ചിറ പിടിപ്പിച്ച് വെള്ളം കെട്ടിനിറുത്തി കന്നികൃഷിയും മകരകൃഷിയും ഒന്നായി മേടമാസത്തിൽ വടക്കനാരിയനും കൂട്ടുമുണ്ടോനും ഒന്നിച്ച് വിതച്ച് വടക്കനാരിയൻ ചിങ്ങമാസത്തിൽ വിളവെടുക്കുകയും കൂട്ടുമുണ്ടോൻ മകരമാസത്തിൽ വിളവെടുക്കുകയും ചെയ്തിരുന്നു. മഴയെമാത്രം ആശ്രയിച്ച് തിരിച്ചുവെള്ളം വരുന്നതുമായ മ്യാൽ, മറ്റം കണ്ടങ്ങളിൽ ഒരു പൂവായി ഓണമൂട്ടൻ, അരിമൂടൻ, രാജമേനി മുതലായ വിത്തുകൾ കന്നികൃഷിയായും തിലാവിന് തേവിയും തിരിച്ചുവെള്ളം വരുന്നതുമായ മാരിക്കണ്ടത്തിൽ ഇട്ടിക്കണ്ടപ്പൻ, ചെമ്പാവ് മുതലായ വിത്തുകൾ മകരകൃഷിയായും ചെയ്തിരുന്നു. പുരയിടങ്ങളിൽ കാടുപിടിച്ചു കിടന്നിരുന്ന സ്ഥലങ്ങൾ വെട്ടിത്തെളിച്ച് അരിമൂടൻ കൂടുമുണ്ടോൻ, വരക് മുതലായവ കൃഷി ചെയ്തിരുന്നു.

ഇതിൽ നിന്ന് ലഭിക്കുന്ന നെല്ല് അരിയാക്കി മുഖ്യാഹാരമായും വൈക്കോൽ കാലിത്തീറ്റയായും പുരമേയുന്നതിനായും ഉപയോഗിച്ചിരുന്നു. വേനൽക്കാലത്തും കരപ്രദേശത്തുള്ള കാടും കരിയിലയും നിലങ്ങളിൽ ഇട്ടുകത്തിക്കുകയും കൂടാതെ നിലങ്ങളിൽ ഉഴവു പോത്തുകളെ പോത്തു- ബ്ലാൽ കെട്ടിമാറ്റി നിറുത്തിയിരുന്നതിനാൽ ചാണകം നിറഞ്ഞ് ആവശ്യമായ ജൈവാംശം ലഭിച്ചിരുന്നു. മാരി, മ്യാൽ കണ്ടങ്ങളിൽ മുതിരയും ചാമയും മധുരക്കിഴങ്ങും കൃഷിചെയ്തിരുന്നു. ചില മറ്റം നിലങ്ങളിൽ കരിമ്പ് കൃഷി ചെയ്ത് കാളച്ചക്ക് ഉപയോഗിച്ച് ശർക്കര ഉണ്ടാക്കിയിരുന്നു. പറ

മ്പുകളിൽ ഉണ്ടായിരുന്ന പ്ലാവ്, മാവ് മുതലായ ഫല വൃക്ഷങ്ങളിലെ മാങ്ങ ഉപ്പിലിട്ടും പച്ചമാങ്ങ ഉണക്കി തൊലിമാങ്ങയായും പഴം മാങ്ങ കൊണ്ട് മാങ്ങാത്തിര ഉണ്ടാക്കുകയും, ചക്ക പുഴുക്കായും പഴമായും ചക്ക ക്കുരു പുഴുങ്ങിയും ഉണക്കിയും മണ്ണിലിട്ടും, ചക്കപ്പഴം തിരയുണ്ടാക്കിയും പഞ്ഞമാസങ്ങളിൽ ഭക്ഷണമായി ഉപയോഗിച്ചിരുന്നു.

തെരുവപ്പുല്ല് വാറ്റിക്കിട്ടുന്ന തൈലം, കശു വണ്ടി, കുരുമുളക് മുതലായവയായിരുന്നു പ്രധാന വരു വാന മാർഗ്ഗം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പരീ ക്കണ്ണിത്തോട്ടത്തിൽ സായിപ്പ് റബ്ബർക്കൃഷി തുടങ്ങു കയും തുടർന്ന് ഈ പ്രദേശത്ത് മുകളേൽ ആലിപ്പിള്ള ഹാജിയാർ റബ്ബർക്കൃഷി തുടങ്ങുകയും തുടർന്ന് ചെറി യതോതിൽ വ്യാപകമായി റബ്ബർക്കൃഷിതുടങ്ങുകയും ചെയ്തു. 1965 കാലയളവിനുശേഷം റബ്ബർക്കൃഷി ഗ്രാമം മുഴുവൻ വ്യാപിച്ചു. ഇന്ന് കരപ്രദേശത്തിന്റെ 75% വും ഈ പ്രദേശത്ത് റബ്ബർക്കൃഷിയാണ്. ഇവി ടത്തെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിയുടെ നിർണ്ണായക ഘടകം റബ്ബറാണ്.

ഭൂപരിഷ്ക്കരണത്തോടെ തുണ്ടുകളായ നെൽപ്പാടങ്ങളിൽ നാണ്യവിളകളുടെ കടന്നു കയറ്റ ത്തിൽ മാറി, മ്യാൽ കണ്ടങ്ങളിൽ കപ്പ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കൂർക്ക തുടങ്ങിയ തന്നാണ്ടു വിളകളും തുടർന്ന് ധാരാളമായി തെങ്ങുകൃഷിയും വ്യാപകമായി. ലാഭകരമായ റബ്ബർകൃഷി വന്നതോടുകൂടി തന്നാണ്ടു കൃഷികളും തെങ്ങുകൃഷിയും വഴിമാറുകയും റബ്ബർക്കൃഷി വ്യാപകമാവുകയും ചെയ്തു. ഇഞ്ചി പ്പുൽക്കൃഷി ചെയ്ത സ്ഥലങ്ങളും മാവുതോട്ടങ്ങളും റബ്ബർത്തോട്ടങ്ങളായി മാറി.

ഈ പഞ്ചായത്തിൽ 400 ഹെക്ടർ നെൽക്കൃ ഷിയുണ്ടായിരുന്നത് ഇപ്പോൾ 185 ഹെക്ടറായി ചുരു ങ്ങിയിട്ടുണ്ട്. ഇതിന്റെ കാരണം നെൽക്കൃഷി ലാഭകര മല്ലാത്തതും തൊഴിലാളികളുടെ ദൗർലഭ്യവും വർദ്ധിച്ച ഉൽപ്പാദനച്ചെലവുമാണ്. നെൽക്കൃഷി ലാഭകരമല്ലാത്ത തിനാൽ നെൽപ്പാടങ്ങൾ നികത്തി വീടുവക്കുകയും റബ്ബർ, തെങ്ങ്, പൈനാപ്പിൾ എന്നീ കൃഷികൾ നടത്തു കയും ചെയ്യുന്നു. ഈ പ്രവണത അവസാനിപ്പിക്കുവാൻ നിലവിലുള്ള കേരള ലാന്റ് യൂട്ടിലൈസേഷൻ ഓഡർ കാര്യക്ഷമമാക്കി നടപ്പിലാക്കേണ്ടതുമാണ്. പല്ലാരിമം ഗലം പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി ഏകദേശം 10 കി. മീ. കോതമംഗലം പുഴ ഒഴുകുന്നുണ്ട്. എങ്കിലും ഈ പുഴയിലെ വെള്ളം ജലസേചനത്തിന് ഉപയോഗി ക്കുവാൻ സാധിച്ചിട്ടില്ല. ഇതിനു പരിഹാരമായി പുഴ യിൽ പലഭാഗങ്ങളിലായി തടയണകൾ കെട്ടി ലിഫ്റ്റും റീ ലിഫ്റ്റുമായി പദ്ധതികൾ തുടങ്ങുകയും മൂവാറ്റുപു ഴവാലി പദ്ധതിയുടെ വലതുകര കനാൽ ഈ പഞ്ചാ യത്തിന്റെ 7, 8 വാർഡുകളിൽ കൂടി കടന്നുപോകുന്നത് കൂവള്ളൂർ വഴി പൈമറ്റത്തിന് നീട്ടുകയും ബ്രാഞ്ചുക നാലുകൾ റീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാക്കി പഞ്ചാ യത്തിന്റെ മുഴുവൻ ഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചാൽ ഈ പഞ്ചായത്തിലെ ജലസേചനത്തിനും കുടിവെള്ള ത്തിനുമുള്ള ക്ഷാമം പരിഹരിക്കപ്പെടും.

മുകളിൽ പറഞ്ഞരീതിയിൽ ജലസേചന സൗകര്യങ്ങളായാൽ ഇവിടത്തെ ഇരുപ്പൂ നിലങ്ങൾ മുപ്പൂ നിലങ്ങളാക്കാം. ആധുനിക കൃഷി ഉപകരണ ങ്ങൾ ഉപയോഗിക്കുകയും അത്യുൽപ്പാദന ശേഷി യുള്ള വിത്തിനങ്ങൾ ഉപയോഗിക്കുകയും കൂട്ടുകൃഷി ഊർജ്ജിതമാക്കുകയും ചെയ്താൽ ഇപ്പോഴത്തെ നെല്ലുൽപ്പാദനമായ ഹെക്ടറിന് 3 ടൺ നെല്ല് എന്നു ള്ളത് 5 ടൺ ആക്കി ഉയർത്താം.

## ഭൂമി സംബന്ധമായ വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം | |
|---|---|---|
| നിലം | 185 | ഹെക്ടർ |
| പുരയിടം | 1363 | ,, |
| പുറമ്പോക്ക് | 2 | ,, |
| കൃഷിയോഗ്യമായ തരിശ് | 2 | ,, |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 2 | ,, |
| ആകെ | 1554 | ,, |

## വിളകളുടെ വിസ്തീർണ്ണവും ഉൽപ്പാദനവും

| വിള | വിസ്തീർണ്ണം | | ഉൽപ്പാദനം | | ഉൽപ്പാദനക്ഷമത(ഹെക്ടറിന്) | |
|---|---|---|---|---|---|---|
| നെല്ല് (ഒന്നാം വിള) | 185 | ഹെക്ടർ | 592 | മെട്രിക് ടൺ | 3.2 | മെട്രിക് ടൺ/ഹെക്ടർ |
| നെല്ല് (രണ്ടാം വിള) | ,, | ,, | 599 | ,, | 3.13 | ,, |
| പയർ | 160 | ,, | 75 | ,, | 450 | കി. ഗ്രാം |
| എള്ള് | 55 | ,, | 13.75 | ,, | 250 | ,, |
| പച്ചക്കറികൾ | 35 | ,, | 35 | ,, | 1000 | ,, |
| തെങ്ങ് | 250 | ,, | 1675000 | (എണ്ണം) | 6700 | എണ്ണം |
| വാഴ | 80 | ,, | 400 | മെട്രിക് ടൺ | 5000 | കി. ഗ്രാം |
| മരച്ചീനി | 60 | ,, | 600 | ,, | 10 | എം.റ്റി. |
| കുരുമുളക് | 60 | ,, | 18 | ,, | 300 | കി. ഗ്രാം |
| റബ്ബർ | 850 | ,, | 1232 | ,, | 1.45 | മെട്രിക് ടൺൺ |
| കമുക് | 30 | ,, | 75 | ,, | 3കി.ഗ്രാം/മരം | 2500 കി.ഗ്രാം/ഹെ. |
| കശുമാവ് | 500 | (എണ്ണം) | 1.5 | ,, | 3 | കി. ഗ്രാം/മരം |
| പ്ലാവ് | 3000 | (എണ്ണം) | 360 | ,, | 100 | ,, |

## കൃഷിമെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

I. സംരക്ഷണ ഭിത്തി തീർത്തിട്ടില്ലാത്തതുമൂലം കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന താഴെ പറയുന്ന പാടശേഖരങ്ങളിലെ സംരക്ഷണ ഭിത്തി കെട്ടി വർഷകാലത്തെ കൃഷിനാശം ഒഴിവാക്കുക.

1. പൈമറ്റം പാടം
2. കുവളങ്ങാട്ടു പാടം
3. കുറുങ്കുളം പാടം
4. മുറിയോടി പാടം
5. കൂറ്റംവേലി പാടം
6. മറ്റപ്പിള്ളി പാടം
7. ഇരുത്തേൽ പാടം
8. മുണ്ടക്കൽ പാടം
9. കല്ലിരിക്കും കണ്ടം പാടം
10. വെള്ളാര മറ്റം പാടം
11. പല്ലാരിമംഗലം പാടം
12. മടിയൂർ പാടം
13. പുലിക്കുന്നേപ്പടി പാടം
14. പല്ലാരിമംഗലം കല്ലുംപുറം പാടം
15. തടത്തിക്കുന്നേപ്പടി കുത്തിലെ പാടം
16. മാവുടി അമ്പലം പാടം
17. കല്ലട പാടം
18. വാഴവേലി പാടം
19. മാവുടി പാടം
20. കുത്തിലെ ചിറപ്പാടം
21. കടമാൻ കോട്ടുമാവുടി പാടം
22. അടിവാടുചെമ്പഴ പാടം
23. മുളമ്പേൽ പാടം
24. പല്ലാരിമംഗലം പള്ളിപ്പാടം

| | |
|---|---|
| ആകെ പാടശേഖരം - | 185 ഹെക്ടർ |
| സംരക്ഷണ ഭിത്തി കെട്ടിയത് - | 45 ഹെക്ടർ |
| കെട്ടുവാനുള്ളത് - | 140 ഹെക്ടർ |

II. മേൽപ്പറഞ്ഞപാടശേഖരങ്ങളിലേക്ക് റാമ്പ് കെട്ടുക

III. കാർഷികാവശ്യത്തിന് കർഷകർക്ക് താഴെ പറയുന്ന കാർഷികോപകരണങ്ങൾ പാടശേഖര സമിതി മുഖേന വിതരണം ചെയ്യുക.

മെതിയന്ത്രങ്ങൾ - 25 എണ്ണം
ട്രാക്ടറുകൾ - 4 ,,
ടില്ലറുകൾ - 4 ,,

IV. ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നെൽക്കൃഷികർഷകർക്ക് വിത്തും വളവും കീട നാശിനികളും സൗജന്യമായി നൽകുക.
V. നെൽക്കൃഷിക്കർഷകർക്ക് നെൽക്കൃഷിക്കാവശ്യ മായ ചെലവിന്റെ 50% സബ്സിഡി നൽകുക.
VI. കീടനാശിനി തളിക്കുന്നതിന് 25 സ്പ്രെയറുകൾ വിതരണം ചെയ്യുക.
VII. 4000 വീട്ടുകാർക്ക് പച്ചക്കറി കൃഷിചെയ്യുന്നതിന് വിത്തും വളവും കീടനാശിനികളും സൗജന്യ മായി വിതരണം ചെയ്യുക.
VIII. പച്ചക്കറി കൃഷിക്ക് കീടനാശിനി തളിക്കുന്നതിന് 300 കൈപമ്പുകൾ വിതരണം ചെയ്യുക.
IX. 40000 നേന്ത്രവാഴക്കണ്ണുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക. അതിനാവ ശ്യമായ വളവും കീടനാശിനികളും സൗജന്യമായി നൽകുക.
X. എലി നശീകരണത്തിന് എലിവിഷം, എലിപ്പെട്ടി, എലിക്കത്രിക എന്നിവ 4000 എണ്ണം കർഷകർക്ക് സൗജന്യമായി നൽകുക.

**തെങ്ങുകൃഷി**

മൊത്തം കൃഷി സ്ഥലം - 250 ഹെക്ടർ
ആകെ തെങ്ങുകൾ 250 x 180 = 45000

കാറ്റുവീഴ്ച ബാധിച്ചതും ഉൽപ്പാദനശേഷിയി ല്ലാത്തതുമായ 22850 തെങ്ങുകൾ വെട്ടിമാറ്റി നഷ്ടപ രിഹാരമായി തെങ്ങ് ഒന്നിന് 1000 രൂപാ നൽകുക. ഈ പ്രദേശത്തിന് യോജിച്ച D x T തെങ്ങിൻ തൈകൾ സൗജന്യമായി നൽകുകയും ചെയ്യുക. കൂടാതെ തെങ്ങൊന്നിന് 50 രൂപാ പ്രകാരം 5 വർഷത്തേക്ക് സബ്സിഡി നൽകുക

തെങ്ങുകയറ്റത്തിന് 100 തെങ്ങുകയറ്റയന്ത്ര ങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

തെങ്ങിന്റെ ഇടവിളയായി മരച്ചീനി, ഇഞ്ചി, മഞ്ഞൾ, വാഴ, പൈനാപ്പിൾ, കൊക്കൊ മുതലായവക്ക് 250 ഹെക്ടർ സ്ഥലം ഉപയുക്തമാക്കുന്നതിന് 50% സബ്സിഡി നിരക്കിൽ വിത്ത് വിതരണം നടത്തുക.

20000 തെങ്ങിൻ തൈകൾ സൗജന്യമായി കർഷകർക്ക് പുതുക്കൃഷിക്കുവേണ്ടി വിതരണം ചെയ്യു കയും 5 വർഷത്തേക്ക് പ്രതിവർഷം 50 രൂപാ പ്രകാരം സബ്സിഡി അനുവദിക്കുകയും ചെയ്യുക.

**കമുക്**

മൊത്തം കൃഷിസ്ഥലം - 35 ഹെക്ടർ
ആകെ കവുങ്ങുകൾ - 14000 എണ്ണം

അത്യുൽപ്പാദന ശേഷിയുള്ള 50000 കമുകിൻ തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുക.

**മരച്ചീനി**

40 ഹെക്ടർ സ്ഥലം മരച്ചീനിക്കൃഷിക്ക് ഉപ യുക്തമാക്കുന്നതിന് ആവശ്യമായ വളം 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

**കച്ചോലം**

10 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നതിന് ചെലവിന്റെ 50% സബ്സിഡി നൽകുക.

**കൂവ**

10 ഹെക്ടർ സ്ഥലത്ത് കൂവകൃഷിചെയ്യുന്ന തിന് ചെലവിന്റെ 50% സബ്സിഡി നൽകുക.

**ഇഞ്ചി**

100 ഹെക്ടർ സ്ഥലത്ത് ഇഞ്ചിക്കൃഷിചെയ്യു ന്നതിന് ചെലവിന്റെ 50% സബ്സിഡി നൽകുക.

**പൈനാപ്പിൾ**

500 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 50% സബ്സിഡി നൽകുക.

**മഞ്ഞൾ**

20 ഹെക്ടർ സ്ഥലം മഞ്ഞൾക്കൃഷിക്ക് ഉപ യുക്തമാക്കുന്നതിന് ചെലവിന്റെ 50% ശതമാനം സബ്സിഡി നൽകുക.

**കുരുമുളക്**

കുരുമുളക് ചെടി ഇടവിളയായും പുതുക്കൃഷി യായും കൃഷിചെയ്യുന്നതിന് ഒരു ലക്ഷം കുരുമുളക് തണ്ടുകൾ കർഷകർക്ക് സൗജന്യമായും വളവും കീട നീശിനിയും 50% സബ്സിഡിയോടു കൂടിയും വിത രണം ചെയ്യുക.

**ഔഷധച്ചെടി**

4000 വീട്ടുകാർക്ക് ഔഷധച്ചെടികൾ സൗജ ന്യമായി വിതരണം ചെയ്യുക.

**റബ്ബർ**

480 ഹെക്ടർ സ്ഥലത്ത് ഉൽപ്പാദന ശേഷികു റഞ്ഞ മരങ്ങളാണ് നിലവിലുള്ളത്. ആയവ 5 വർഷം കൊണ്ട് ഘട്ടം ഘട്ടമായി വെട്ടിമാറ്റി അത്യുൽപ്പാദന

ശേഷിയുള്ള തൈകൾ നടുന്നതിനുവേണ്ടി 2 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്കുവിതരണം ചെയ്യുക.

റബ്ബർക്കൃഷിക്കാർക്ക് ഹെക്ടറിന് 25000/- രൂപാ എന്ന തോതിൽ നാമമാത്രകർഷകർ ഉൾപ്പെടെ എല്ലാകർഷകർക്കും സബ്സിഡി അനുവദിക്കുക.

### നേഴ്സറി

ഈ പഞ്ചായത്തിലെ 4000 കുടുംബങ്ങൾക്കും തെങ്ങിൻ തൈ, കൊക്കോ തൈ, ജാതി തൈ, കമുകിൻ തൈ, കുരുമുളക് തണ്ട്, ഔഷധസസ്യങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിന് സർക്കാർ വക ഒരു നഴ്സറി തുടങ്ങുക. കർഷകർക്ക് നേഴ്സറി തുടങ്ങുന്നതിനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം ചെയ്തു കൊടുക്കുക.

### കാപ്പി

40 ഹെക്ടർ സ്ഥലത്ത് ഇടവിളയായി കൃഷി ചെയ്യുന്നതിന് പുതിയ ഇനം അത്യുൽപ്പാദന ശേഷിയുള്ള കാപ്പി തൈ, സൗജന്യമായും വളം സബ്സിഡിയും നൽകുക.

### തേക്ക്

ഒരു ലക്ഷം തേക്കിൻ തൈകൾ കർഷകർക്ക് സൗജന്യമായി നൽകുക.

### നെൽപ്പാടം നികത്തൽ

നെൽക്കൃഷിചെയ്യുന്ന പാടശേഖരങ്ങൾ മണ്ണിട്ടു നികത്തുന്നതും തരിശിടുന്നതും മറ്റുകൃഷികൾക്ക് ഉപയോഗിക്കുന്നതും തടയുക.

### വിപണനം

കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ ഉൽപ്പന്നങ്ങൾക്കും ന്യായവില ലഭിക്കുന്നതിനുവേണ്ടി ഇ.ഇ.സി (യൂറോപ്യൻ എക്കണോമിക് കമ്മ്യൂണിറ്റി) ധനസഹായത്തോടുകൂടി ഒരു പൊതുസംഭരണ വിപണന കേന്ദ്രം സ്ഥാപിക്കുക.

## ജലസേചനം

മൂവാറ്റുപുഴ വാലി ഇറിഗേഷന്റെ വലതു തീര കനാൽ പോത്താനിക്കാട് പോലീസ് സ്റ്റേഷൻ ഭാഗത്തു നിന്നും 250 എച്ച്. പി യുടെ മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്ത് കീപ്പനശേരി പീടിക, കൂറ്റംവേലി, പൈമറ്റം, വാളാച്ചിറ എന്നീഭാഗങ്ങളിൽ കൂടി മെയിൻ കനാൽ വെട്ടി ഒഴിവു പാറത്തോട്ടിൽ ചാടിക്കുക. ആയതിന്റെ ഒരു ബ്രാഞ്ചുകനാൽ കൂവള്ളൂർ, തോടുകണ്ടം തണ്ട്, കുറിഞ്ഞിലിക്കാടുമറ്റം, കൊച്ചാലി പീടിക, മടിയൂർ തണ്ട്, മൈലാടും പാറ വഴി കോതമംഗലം ആറ്റിൽ ചാടിക്കുക.

രണ്ടാമത്തെ ബ്രാഞ്ചുകനാൽ പുളിങ്കുന്നം തണ്ട്, കുറുപ്പം കണ്ടം തണ്ട് വഴി മാവുടി തോട്ടിൽ ചാടിക്കുക.

മൂന്നാമത്തെ ബ്രാഞ്ചുകനാൽ കൂവള്ളൂർ, കാവുപറമ്പ്, വള്ളക്കടവുവഴി കോതമംഗലം ആറ്റിൽ ചാടിക്കുക

ഈ പഞ്ചായത്തിന്റെ കിഴക്കുപടിഞ്ഞാറ് എത്തി ഒഴുകുന്ന കോതമംഗലം ആറും വേനൽക്കാലത്ത് വറ്റി വരളുന്ന അവസ്ഥയാണ് കുറെ വർഷങ്ങളിലായി അനുഭവപ്പെടുന്നത്. തന്മൂലം പുഴക്കരയിലെ കൃഷിക്ക് ജലസേചനം നടത്തുന്നതിനും കുടിവെള്ളത്തിനും ജനങ്ങൾക്ക് കുളിക്കുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും ഈ നാട്ടുകാർ വളരെ വിഷമിക്കുന്നു. ഇതിന് ഒരു പരിഹാരമെന്നോണം വരൾച്ചയുള്ള മാസങ്ങളിൽ പെരിയാറ്റിൽ നിന്നും വെള്ളം 100 എച്ച്. പി മോട്ടോറുകൾ ഉപയോഗിച്ച് പമ്പ് ചെയ്ത് വെള്ളം കോതമംഗലം ആറ്റിൽ ചാടിക്കുന്ന ഒരു പദ്ധതി 1987 ൽ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ ആവോലിച്ചാലിൽ ആരംഭിക്കുകയും മോട്ടോറുകളും പൈപ്പുകളും എല്ലാം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ വകുപ്പുദ്യോഗസ്ഥന്മാരുടെ സാങ്കേതിക പരിജ്ഞാനക്കുറവു മൂലം ഒരു ലിറ്റർ വെള്ളമെങ്കിലും ഈ പദ്ധതി ഉപയോഗിച്ച് ഈ പുഴയിൽ ചാടിക്കുവാൻ കഴിഞ്ഞില്ല. ലക്ഷക്കണക്കിന് രൂപാ ചെലവഴിച്ച് പണികഴിച്ച ഈ പദ്ധതി നാട്ടുകാർക്ക് ഉപയോഗമില്ലാതാവുകയും സർക്കാരിന്റെ ഭീമമായ തുക വെള്ളത്തിലാവുകയും ചെയ്തു. തുടർന്നുള്ള കടുത്ത വേനലുകളിൽ വെള്ളം പമ്പുചെയ്യാനുള്ള ശ്രമങ്ങൾ ഉണ്ടാവുകയും അത് പരാജയപ്പെടുകയുമാണ് ഉണ്ടായത്. ആയതിനാൽ ഈ പദ്ധതിയെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുകയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ സഹായം ഉപയോഗിച്ച് പദ്ധതി വിജയകരമാക്കുകയും ചെയ്യുക. പുതിയ ഒരു പദ്ധതിക്ക് ലക്ഷങ്ങൾ മുടക്കേണ്ടിടത്ത് പൂർത്തിയാക്കിയ പദ്ധതി സാങ്കേതിക കാരണങ്ങളാൽ നിർത്തുന്നത് ഡിപ്പാർട്ടുമെൻറിനും സർക്കാരിനും ഭൂഷണമല്ല. ഈ പദ്ധതിയുടെ വിജയം നാട്ടുകാർക്ക് ആശ്വാസമാണ്.

### ചെക്ക് ഡാം

കോതമംഗലം ആറ്റിൽ ഈ പഞ്ചായത്തിൽ വരുന്ന ഭാഗം സംരക്ഷണഭിത്തി കെട്ടി താഴെപറയുന്ന സ്ഥലങ്ങളിൽ 10 തടയണകൾ നിർമ്മിക്കുക.

| | |
|---|---|
| 1. പാലിയത്ത് കടവ് | 6. മണിക്കിണർ |
| 2. വള്ളക്കടവ് | 7. വെള്ളാരമറ്റം |
| 3. കൂറ്റംവേലി | 8. വരമ്പുപാറക്കടവ് |
| 4. പള്ളിക്കടവ് | 9. കോഴിപാറക്കടവ് |
| 5. മറ്റപ്പിള്ളിക്കടവ് | 10. കുടമണ്ട |

### ചിറകളും കുളങ്ങളും

നിലവിലുള്ള 2 ചിറകൾ പുനരുദ്ധരിക്കുകയും 14 കുളങ്ങൾ നന്നാക്കുകയും പുതുതായി 40 പൊതു കുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക. മാവുടിതോട്ടിൽ നിലവിലുള്ള 2 ക്രോസ്സ് ബാറുകൾ പുനരുദ്ധരിക്കുക. മാവുടിതോടിന്റെ രണ്ടു സൈഡും സംരക്ഷണ ഭിത്തി കെട്ടുക.

50 ഹെക്ടർ വരുന്ന മാവുടി - പല്ലാരിമംഗലം പാടത്തിന്റെ വെള്ളക്കെട്ടു പരിഹരിക്കുവാൻ കല്ലട ത്താഴം മുതൽ താണിക്കുന്നേൽ ചിറ വരെ തോട് താഴ്ത്തി വീതി കൂട്ടി സൈഡ് കെട്ടുക.

പൈമറ്റം തോട്ടിൽ ചീയോടിക്കുത്തിൽ ഒരു ക്രോസ്സ് ബാർ പണിയുക.

പൈമറ്റം തോട്ടിൽ 4കി. മീ നീളം തോടിന്റെ സംരക്ഷണ ഭിത്തി കെട്ടുക.

### വളം വിതരണം

നിലവിലുള്ള 5 വളം ഡിപ്പോകൾ കൂടാതെ 5 വളം ഡിപ്പോകൾ കൂടി സഹകരണ മേഖലയിൽ തുടങ്ങുക. ആയവ കൂവള്ളൂർ, കാവുപറമ്പ്, കൊടമുണ്ട, വെള്ളാരമറ്റം, പല്ലാരിമംഗലം വെയ്റ്റിംഗ് ഷെഡ് എന്നീ ഭാഗങ്ങളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുക.

### വിള ഇൻഷ്വറൻസ്

ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരേയും ഉൾപ്പെടുത്തി മുഴുവൻ വിളകൾക്കും സൗജന്യമായി വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക.

### മോട്ടോറുകളും പമ്പുസെറ്റുകളും

200 പമ്പ്സെറ്റുകൾ കർഷകർക്ക് 50% സബ്സിഡിയോടുകൂടി വിതരണം ചെയ്യുക. ജലസേചനാവശ്യത്തിനുവേണ്ടി 250 കിണറുകൾ നിർമ്മിക്കുക. അതിനുള്ള മുഴുവൻ ചിലവുകളും സൗജന്യമാക്കുക.

ദാരിദ്രരേഖക്കുതാഴെയുള്ള എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി വാട്ടർകണക്ഷൻ നൽകുക.

സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം സർക്കാർ വഹിക്കുക.

മൂന്നാം വിള (പുഞ്ചസീസൺ) കൃഷിചെയ്യാൻ പറ്റാത്ത നെൽക്കൃഷി സ്ഥലങ്ങളിൽ പയർ, എള്ള്, പച്ചിലവളം എന്നിവ കൃഷിചെയ്യുന്നതിനാവശ്യമായ ചെലവിന്റെ 50% സബ്സിഡി നൽകുക.

മണ്ണിന്റെ സംരക്ഷണത്തിന് (അമ്ലാമംശം കുറക്കാൻ) കക്ക സൗജന്യമായി നൽകുക.

മണ്ണൊലിപ്പ് തടയുന്നതിന് ഒരു ലക്ഷം സ്ക്വയർ മീറ്റർ കയ്യാല പണിയുന്നതിന് 50% സബ്സിഡി അനുവദിക്കുക.

തെങ്ങിനും, കമുകിനും സൗജന്യമായി മരുന്നു തളിക്കുക. കർഷകർക്ക് ഓരോ വിളകൾക്കും പ്രോത്സാഹനമായി അവാർഡ് നൽകുക.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കാതിരിക്കുക.

കന്യാകുഴിത്തോട്ടിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

എല്ലാകർഷകർക്കും ആധുനിക രീതിയിലുള്ള അറിവു ലഭിക്കുവാൻ കൃഷിഭവൻ മുഖേന കൃഷിയിൽ പരിശീലനം കൊടുക്കുക.

കൂൺ കൃഷിക്ക് ചെലവിന്റെ 50% സബ്സിഡി അനുവദിക്കുക.

പഞ്ചായത്തിൽ ഒരു മണ്ണു പരിശോധന കേന്ദ്രം ആരംഭിക്കുക.

പഞ്ചായത്തിലുള്ള എല്ലാ മൃഗങ്ങളേയും ഇൻഷ്വർ ചെയ്യുക.

കോതമംഗലം ആറ്റിൽ പാലിയത്ത് കടവ് കുഴികണ്ടം കടവ്, കോഴിപ്പാറക്കടവ്, കൊടമുണ്ടക്കടവ് എന്നിവയിൽ ഓരോ ചപ്പാത്ത് നിർമ്മിക്കുക.

കൽക്കുഴിതോട്, മാവുടിതോട്, വെമ്പിളികടവ് എന്നിവിടങ്ങളിൽ ഓരോ ചപ്പാത്തുകൾ നിർമ്മിക്കുക.

കമ്പോസ്റ്റുകുഴി നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

പുഷ്പകൃഷി തുടങ്ങുന്നതിനാവശ്യമായ വിത്തും വളവും സൗജന്യമായി നൽകുക.

കരഭൂമിയിൽ കൂടി ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിറുത്തി ഭൂമിയിലെ ഈർപ്പം നിലനിർത്തുവാനും മണ്ണൊലിപ്പുതടയുന്നതിനും, പുരയിടങ്ങളിൽ കാനകൾ ഉണ്ടാക്കുന്നതിന് കർഷകരെ സഹായിക്കുക. കയ്യാല പണിയുന്നതിന് കൊടുക്കുന്ന സാമ്പത്തിക സഹായം കാനകൾ നിർമ്മിക്കുന്നതിനും കൊടുക്കുക.

# മൃഗസംരക്ഷണവും, മത്സ്യബന്ധനവും

കന്നുകാലി സമ്പത്തുകൊണ്ട് അനുഗ്രഹീതമായിരുന്ന ഒരു പ്രദേശമായിരുന്നു പല്ലാരിമംഗലം. ജനങ്ങൾ കറവ ജന്തുക്കളെ മാത്രമല്ല കാള, പോത്ത് എന്നീ മൃഗങ്ങളേയും വളർത്തിയിരുന്നു. നെൽക്കൃഷിക്കും പാടങ്ങൾ ഉഴുന്നതിനും വണ്ടികൾ വലിക്കുന്നതിനും ഈ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. അന്ന് ധാരാളം തരിശുഭൂമികൾ ഉണ്ടായിരുന്നതു കൊണ്ട് മൃഗങ്ങൾക്ക് യഥേഷ്ടം മേയുന്നതിനും മറ്റും സൗകര്യമുണ്ടായിരുന്നു. ധാരാളം നാടൻ പശുക്കൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഇതുമൂലം പാലിന്റേയും ക്ഷീരോൽപ്പന്നങ്ങളുടെയും ആവശ്യം ഇവിടംകൊണ്ടു തന്നെ നിറവേറ്റിയിരുന്നു. എന്നാൽ കാലം മാറി തരിശുഭൂമിയെല്ലാം റബ്ബർതോട്ടങ്ങളും തെങ്ങിൻ തോപ്പുകളും ഇടവിളക്കൃഷികളും ആയതോടെ ജനങ്ങൾ പശുക്കളെ മാത്രം വളർത്താൻ തുടങ്ങുകയും ചെയ്തു. പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് പശു, ആട്, കോഴി എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് ആവശ്യമായ പദ്ധതിക്കുവേണ്ടി താഴെപ്പറയുന്ന സ്കീം നടപ്പിലാക്കേണ്ടതാണ്. മൃഗചികിത്സാ രംഗത്ത് ഈ പഞ്ചായത്തിൽ യാതൊരു സൗകര്യവും ഇല്ലായിരുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ ഈ പഞ്ചായത്തിന്റെ VI വാർഡിൽ ഒരു മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടവും മറ്റ് അത്യാവശ്യ സൗകര്യങ്ങളും ഇല്ല. മൃഗസംരക്ഷണത്തിൽ നമ്മുടെ പഞ്ചായത്ത് വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. ആയതിനാൽ താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുകയും ആവശ്യമായ ഫർണീച്ചറും മരുന്നുകൾ സൂക്ഷിക്കുന്നതിന് ഒരു ഫ്രിഡ്ജും ലാബറട്ടറി സൗകര്യവും കൂടി ലഭ്യമാക്കുക.
2. കോഴി വളർത്തൽ, പശുവളർത്തൽ, ആടുവളർത്തൽ എന്നീ രംഗങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക.
3. കാലിത്തീറ്റയുടെ ഒരു ന്യായവില സ്റ്റോർ ആരംഭിക്കുക.
4. 1000 നല്ലയിനം കറവപ്പശുക്കളെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
5. കാലിത്തൊഴുത്ത് പണിയാൻ 1000 കുടുംബങ്ങൾക്ക് 50% സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. തീറ്റപ്പുൽ കൃഷിക്ക് ആവശ്യമായ ധനസഹായം നൽകുക.
7. കാലിത്തീറ്റക്ക് 50% സബ്സിഡി അനുവദിക്കുക.
8. വാർഡുതോറും ഓരോ പാൽ സൊസൈറ്റി ആരംഭിക്കുക.
9. വാർഡുതോറും രണ്ടു വീതം പശുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക. ടി കേന്ദ്രങ്ങൾക്ക് കറവയന്ത്രങ്ങളും തൊഴുത്തും 50% സബ്സിഡി നിരക്കിൽ അനുവദിക്കുക.
10. ഇവിടെ ഒരു ചില്ലിംഗ് പ്ലാന്റ് സർക്കാർ തലത്തിൽ ആരംഭിക്കുക.
11. വാർഡുതോറും ഓരോ മൃഗസംരക്ഷണ ഉപകേന്ദ്രം ആരംഭിക്കുക.
12. ഈ കേന്ദ്രങ്ങളിൽ കൃത്രിമ ബീജസങ്കലനം സൗജന്യമാക്കുക.
13. ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
14. വളർത്തുനായ്ക്കൾക്ക് സൗജന്യമായി പ്രതിരോധ കുത്തിവയ്പ് നടത്തക.
15. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുക.
16. വാർഡുതോറും ആധുനിക രീതിയിലുള്ള ഓരോ അറവുശാലകൾ തുറക്കുക.
17. വാർഡുതോറും 5 വീതം ഇറച്ചിക്കോഴി ഫാമുകളും മുട്ടക്കോഴിഫാമുകളും തുറക്കുന്നതിനാവശ്യമായ കോഴിക്കുഞ്ഞുങ്ങളേയും തീറ്റയും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
18. ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും കോഴിക്കൂടും 5 വീതം കോഴിക്കുഞ്ഞുങ്ങളും സൗജന്യമായി നൽകുക.
19. വാർഡുതോറും 5 വീതം മുയൽ വളർത്തൽ കേന്ദ്രങ്ങളും, കാടക്കോഴി വളർത്തുകേന്ദ്രങ്ങളും, ആടുവളർത്തൽ കേന്ദ്രങ്ങളും തുടങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുക.
20. കോഴിവസന്ത തടയുന്നതിന് വീടുകളിൽ ചെന്ന് പ്രതിരോധകുത്തിവയ്പുകൾ നടത്തുവാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
21. മാവുടിയിൽ ഒരു ഐ. സി. ഡി. പി സബ്സെന്റർ ആരംഭിക്കുക.
22. 100 യൂണിറ്റ് മീൻ വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മീൻ കുഞ്ഞുങ്ങളെ സൗജന്യമായും 50% സബ്സിഡിയോടുകൂടി മത്സ്യതീറ്റയും കുളം കുഴിക്കുന്നതിനും, ഉള്ള കുളങ്ങൾ നന്നാക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. വ്യാപകമായിരിക്കുന്ന മത്സ്യരോഗം കാരണം കണ്ടുപിടിച്ച് തടയുന്നതിന് ആവശ്യമായ തീവ്രപരിപാടി നടപ്പിലാക്കുക.

# ദ്വിതീയ മേഖല

## വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് പല്ലാരിമംഗലം. ഈ പ്രദേശത്ത് ആദ്യമായി ഖാദിബോർഡിന്റെ ധന സഹായത്തോടു കൂടി മാവുടിയിൽ യൂണിയൻ മാച്ച് വർക്ക്സ് എന്ന പേരിൽ ഒരു തീപ്പെട്ടി കമ്പനി ആരംഭിച്ചു. 1972 ൽ വൈദ്യുതി ഈ പ്രദേശത്ത് ലഭിച്ചു എങ്കിലും വൈദ്യുതി ഉപയോഗിച്ച് ഒരു സോമിൽ 1980 ൽ മാത്രമാണ് ആരംഭിക്കാൻ സാധിച്ചത്. കുടിൽ വ്യവസായമെന്ന രീതിയിൽ 35 വർഷം മുമ്പ് മാവുടിയിൽ കെ.കെ.എസ് ബീഡീസ് എന്ന പേരിൽ ഒരു ബീഡി വ്യവസായ സ്ഥാപനം പ്രവർത്തിച്ചിരുന്ന കാര്യം സ്മരണീയമാണ്. ഇപ്പോൾ 25 യൂണിറ്റ് ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഈ പ്രദേശത്തെ ഏറ്റവും പ്രധാന കൃഷി റബ്ബർ ആണ്. അതിനാൽ റബ്ബർ അധിഷ്ഠിത വ്യവസായത്തിന് ഈ പ്രദേശത്ത് വളരെയേറെ സാദ്ധ്യതകളുണ്ട്. വ്യാവസായികമായി ഈ മേഖല വളരെ പിന്നോക്കം നിൽക്കുന്നതാണ് ഇവിടുത്തെ ജനങ്ങളുടെ സാമ്പത്തികമായ പിന്നോക്ക സ്ഥിതിക്ക് കാരണം.

### പരിഹാരമാർഗ്ഗങ്ങൾ

1. ഈ പഞ്ചായത്തിൽ രണ്ടോ, മൂന്നോ റബ്ബറധിഷ്ഠിത വ്യവസായം പൊതുമേഖലയിൽ തുടങ്ങുക.
2. സ്വകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ ഒരു ക്രമ്പ് ഫാക്ടറിയും ഒരു സ്പിന്നിംഗ് മില്ലും തുടങ്ങുക.
3. ചെറുകിട, വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് കുറഞ്ഞപലിശക്ക് ലോൺ ലഭ്യമാക്കുക.
4. റബ്ബർ തടി സംസ്ക്കരണ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.
5. ഇടുക്കിജില്ലയോട് ചേർന്നു കിടക്കുന്നതും എറണാകുളം ജില്ലയുടെ കിഴക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നതും തികച്ചും അവികസിതവുമായ പല്ലാരിമംഗലം പഞ്ചായത്തിനെ പിന്നോക്ക ജില്ലക്കുകൊടുക്കുന്ന പരിഗണന നൽകി വ്യവസായസ്ഥാപനങ്ങൾക്ക് മുതൽമുടക്കിന്റെ 50% സബ്സിഡി നൽകുക.
6. തേങ്ങ / ചിരട്ട അധിഷ്ഠിത വ്യവസായങ്ങൾ ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുക.
7. പൈനാപ്പിൾ ധാരാളമായി കൃഷിചെയ്യുന്ന ഈ പ്രദേശത്ത് ഒരു പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി തുടങ്ങുക.
8. പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുക.
9. വ്യവസായിക സംരഭകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഒരു പരിശീലന കേന്ദ്രം തുടങ്ങുക.
10. ഖാദിബോർഡിന്റെ കീഴിൽ ഒരു നെയ്ത്തുശാല തുടങ്ങുക.
11. കെൽട്രോണിന്റെ ഒരു അസംബ്ലിംഗ് യൂണിറ്റ് തുടങ്ങുക.
12. അടിവാട് കേന്ദ്രീകരിച്ച് ഒരു പെട്രോൾ പമ്പ് തുടങ്ങുക.
13. H.M.T യുടെ ഒരു വാച്ച് അസംബ്ലിംഗ് യൂണിറ്റ് ആരംഭിക്കുക.
14. പുതിയതായി ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും വൈദ്യുതി ബോർഡിൽ അടക്കേണ്ട ഡിപ്പോസിറ്റ് ഒഴിവാക്കുകയും ചെയ്യുക.
15. ബുക്ക് ബൈൻഡിംഗ്, ചന്ദനത്തിരി നിർമ്മാണം, ചെരുപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നീ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
16. ഒരു പി. വി. സി പൈപ്പ് കമ്പനി തുടങ്ങുക.
17. ഒരു നിർമ്മിതി കേന്ദ്രം ആരംഭിക്കുക.
18. ദേശസാൽക്കൃത ബാങ്കുകളുടെ ബ്രാഞ്ചുകൾ പഞ്ചായത്തുകവല, പൈമറ്റം കവല എന്നിവിടങ്ങളിൽ ആരംഭിക്കുക.
19. ഈ പഞ്ചായത്തിൽ ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും ഒഴിവാക്കുക.
20. പഞ്ചായത്തിലെ ഗൾഫ് ജോലിക്കാരുടെ സാമ്പത്തിക സഹായത്തോടെ വ്യവസായങ്ങൾ ആരംഭിക്കുക.
21. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ I.T.C തുടങ്ങുക.



# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

ഈ പ്രദേശത്ത് ആദ്യമായി ഗതാഗതത്തിനു പ്രധാനമായി രണ്ടു റോഡുകളാണ് ഉണ്ടായിരുന്നത്. പരീക്കണ്ണി-നെല്ലിമറ്റം റോഡ്, പുതുപ്പാടി- പോത്താനിക്കാട് റോഡ് എന്നിവയായിരുന്നു അത്. അതിൽ പരീക്കണ്ണി- നെല്ലിമറ്റം റോഡ് ബ്രിട്ടീഷുകാരുടെ കാലത്ത് പരീക്കണ്ണി എസ്റ്റേറ്റിന്റെ സൗകര്യത്തിനുവേണ്ടി നിർമ്മിച്ചതാണ്. ജനങ്ങൾ കാൽനടയായും വള്ളത്തിലുമാണ് കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പരിസര പ്രദേശത്തുള്ള അങ്ങാടികളിൽ എത്തിച്ചേർന്നിരുന്നത്. 1950നു ശേഷമാണ് ഇപ്പോഴുള്ള പ്രധാന റോഡായ അടിവാട് പരീക്കണ്ണി റോഡും പൈമറ്റം മണിക്കിണർ റോഡും ഉണ്ടായത്. കോതമംഗലം പ്രദേശം പട്ടണമായി ഉയർന്നപ്പോൾ അടിവാടുമായി കോതമംഗലത്തെ ബന്ധിപ്പിക്കുവാൻ കോഴിപ്പിള്ളി അടിവാട് റോഡ് നിർമ്മിക്കപ്പെട്ടു. പല്ലാരിമംഗലത്തുള്ള ജനതയുടെ പരിശ്രമഫലമായി ആണ് ഈ റോഡ് നിർമ്മിക്കപ്പെട്ടത്. 1969ൽ ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയും ശ്രീ. റ്റി.കെ. ദിവാകരൻ പൊതുമരാമത്ത് മന്ത്രിയും ശ്രീ. റ്റി.എം. മീതിയൻ എം.എൽ.എ.യും ആയിരുന്ന കാലത്താണ് പരീക്കണ്ണി പാലം നിർമ്മിച്ചത്. ആലുവ-മൂന്നാർ റോഡുമായി ബന്ധിക്കുന്ന അടിവാട്-കുത്തുകുഴി റോഡിലുള്ള കുടമുണ്ട പാലം 1978ൽ ആണ് പണി തീർന്നത്. എറണാകുളം-ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന കലൂർ-ഊന്നുകൽ റോഡ് നിർമ്മിക്കപ്പെട്ടത് ശ്രീ. റ്റി.എം. ജേക്കബും ശ്രീ. നഹാ സാഹിബും മന്ത്രിയായിരുന്ന കാലത്താണ്. ഈ പഞ്ചായത്തിൽ മൊത്തം 30 കി.മീറ്റർ P.W.D. റോഡും 83 കി.മീറ്റർ പഞ്ചായത്തുറോഡും ഉള്ളതിൽ 12 കി.മീറ്റർ മാത്രമേ ടാർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തു രൂപീകരണത്തിനു ശേഷമാണ് റോഡുകളെല്ലാം സഞ്ചാരയോഗ്യമായി മാറിയത്.

### പ്രശ്നങ്ങൾ

1) മിക്ക വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യമില്ല.

2) നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്.

3) പല റോഡുകൾക്കും ഓടകളില്ല.

4) റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.

### പരിഹാരമാർഗ്ഗങ്ങൾ

(1) പുതുപ്പാടി-ഊന്നുകൽ റോഡ് കൊച്ചി, മധുര നാഷണൽ ഹൈവെയുടെ ബൈപാസ് ആക്കുക.

(2) കുത്തുകുഴി-അടിവാട്-പോത്താനിക്കാട് റോഡ് ജില്ലാ ഹൈവെയായി പ്രഖ്യാപിക്കുക.

(3) കലൂർ-നെല്ലിമറ്റം (വഴി പൈമറ്റം) ജില്ലാ ഹൈവെയായി പ്രഖ്യാപിക്കുക.

(4) നിലവിൽ 8 മീറ്റർ വീതിയുള്ള കൂറ്റംവേലി-കുത്തുകുഴി റോഡും വെള്ളാരമറ്റം-കുടമുണ്ട റോഡും-കുടമുണ്ട വെയിറ്റിംഗ് ഷെഡ് റോഡും വെട്ടിത്തറ-പറമ്പഞ്ചേരി റോഡും P.W.D ഏറ്റെടുക്കുക.

(5) താഴെ പറയുന്ന സ്ഥലങ്ങളിൽ 8 മീറ്റർ വീതിയിൽ പുതിയ റോഡുകൾ നിർമ്മിച്ച് ടാർ ചെയ്യുക.

1. മാവുടി എൽ.പി. സ്കൂൾ - തടത്തികുന്നേപടി റോഡ്
2. ഉപ്പുകുഴി - കുടമുണ്ടപുഴ തീരറോഡ്
3. വെള്ളാരമറ്റം - പരീക്കണ്ണിപുഴ തീരറോഡ്
4. വാക്കത്തിപ്പാറ - പരീക്കണ്ണി പാലം റോഡ്
5. ഹോമിയോ ആശുപത്രി - മുളമാരി റോഡ്
6. ഹോമിയോ ആശുപത്രി - തെക്കുംചേരി റോഡ്
7. മറ്റപ്പിള്ളി കടവ് - പടിഞ്ഞാക്കര റോഡ്
8. ഉപ്പുകുഴി - വള്ളക്കടവ് റോഡ്
9. പുലിക്കുന്നേപ്പടി - മൈലാടുംപാറ റോഡ്
10. പല്ലാരിമംഗലം - വാരപ്പെട്ടി ഉള്ളിയാട്ടുപടി റോഡ്
11. മുളമാരി - വാളാച്ചിറ റോഡ്
12. അമ്പിളിക്കവല - പരുത്തിമാലി റോഡ്

13. മാവുടി - വെളിയംകുന്ന് റോഡ്
14. മാവുടി-വെള്ളാപ്പിള്ളിപടി - അടിവാട് ലിങ്ക് റോഡ്
15. മാവുടി - കുരുശുംപടി - ഭൂതക്കല്ല് റോഡ്
16. കുരുശുംപടി - വാഴവേലിപ്പടി റോഡ്
17. അമ്പലംപടി-പുലികുന്നേൽ റോഡ്
18. അമ്പലംപടി-VI-വാർഡ് ലക്ഷംവീട് കോളനി റോഡ്
19. വാച്ചാക്കപ്പടി-എൽ.പി.സ്കൂൾ റോഡ്
20. കുടമുണ്ട സ്കൂൾപടി-കുഴികണ്ടം റോഡ്
21. പുലികുന്നേപ്പടി-മൃഗാശുപത്രി റോഡ്
22. പുലികുന്നേപ്പടി-ചിറ റോഡ്
23. പുലികുന്നേപ്പടി-പിടവൂർ റോഡ്
24. മടിയൂർ പള്ളിപ്പടി-കൊച്ചാലിപ്പീടിക റോഡ്
25. പൈമറ്റം-കൂറ്റംവേലി റോഡ്
26. കൂവ്വള്ളൂർ-പെരുന്നിർ റോഡ്
27. അടിവാട് തെക്കേക്കവല-വെള്ളാപ്പിള്ളി റോഡ് (കടമാൻകോട് വഴി)
28. അടിവാട് തെക്കേക്കവല-കുത്തിലെച്ചിറ റോഡ്
29. അടിവാട് ജംഗ്ഷനിലെ ഗതാഗത തടസ്സം ഒഴിവാക്കാൻ ഓട്ടോ, ടാക്സി, മറ്റു വാഹനങ്ങൾ എന്നിവയ്ക്ക് മറ്റൊരിടത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

(6) കോതമംഗലം ആറ്റിൽ കോഴിപ്പാറ കടവിലും S.N.D.P കടവിലും ഓരോ ഫുട് ബ്രിഡ്ജ് നിർമ്മിക്കുക.

(7) കൂറ്റംവേലി ഭാഗത്ത് ഒരു ബസ് സ്റ്റാന്റ്-കം ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുക.

(8) കുടമുണ്ട-അടിവാട്-പൈമറ്റം, വെള്ളാരമറ്റം എന്നീ സ്ഥലങ്ങളിൽ ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുക.

(9) നിലവിലുള്ള കുടമുണ്ട പാലം മഴക്കാലത്ത് മുങ്ങിപ്പോകുന്നതുകൊണ്ട് ഉയരംകൂട്ടി വേറെ പാലം പണിയുക.

(10) ഗവ: ഏറ്റെടുത്തിട്ടുള്ള വെള്ളാരമറ്റം-പൈമറ്റം റോഡിലെ വെള്ളാരമറ്റം കടവിൽ പാലം പണിയുക.

(11) മണിക്കിണർ, പൈമറ്റം, കൂറ്റംവേലി, വാളാച്ചിറ-കൂവള്ളൂർ പാലം ജംഗ്ഷൻ, വള്ളക്കടവ്, കൂവള്ളൂർ L.P. സ്കൂൾ പടി, പഞ്ചായത്തുകവല, മണിക്കിണർ പാലം ജംഗ്ഷൻ, പല്ലാരിമംഗലം അമ്പലംപടി, മടിയൂർ പള്ളിക്കവല, പുലികുന്നേപ്പടി, പിടവൂർ, അടിവാട് തെക്കേക്കവല, അടിവാട് ജംഗ്ഷൻ, മാവുടി യൂണിയൻ കവല, മടിയൂർ S.N.D.P. കവല എന്നീ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

(12) അടിവാട്-പൈമറ്റം ജംഗ്ഷനുകളിൽ ഓരോ ബൈപാസ് നിർമ്മിക്കുക.

(13) മണിക്കിണറിൽ നിന്നും പൈമറ്റം-കൂവള്ളൂർ, മാവുടി-അടിവാട്- പുളിന്താനം വഴി K.S.R.T.C വക Super Express ആരംഭിക്കുക.

(14) കാളിയാർ-കോഴിക്കോട് ബസ്സ് സർവ്വീസ് പുന:രാരംഭിക്കുക.

(15) നേര്യമംഗലം-അടിവാട്-മുവാറ്റുപുഴ എറണാകുളം വഴി ബസ്സ് ആരംഭിക്കുക.

(16) തൊടുപുഴ-പൈങ്ങോട്ടൂർ, കൂവള്ളൂർ മടിയൂർ വഴി കോതമംഗലത്തേക്കു ഒരു ബസ് സർവ്വീസ് ആരംഭിക്കുക.

(17) മണിക്കിണർ-എറണാകുളം ബസ്സ് സർവ്വീസ് ആരംഭിക്കുക.

(18) മുള്ളരിങ്ങാട്-പൈങ്ങോട്ടൂർ-കൂവള്ളൂർ-അടിവാട് കോതമംഗലം വഴി എറണാകുളത്തിന് ബസ്സ് സർവ്വീസ് ആരംഭിക്കുക.

(19) താഴെ പറയുന്ന സ്ഥലങ്ങളിൽ കുളിക്കടവ് നിർമ്മിക്കുക.

കവളങ്ങാട് തോട്ടിൽ ആറ്റിങ്ങൽ ജോസഫിന്റെ വീട്ടുപടിക്കൽ, മണലുംപാറ മൈതിൻവീടിനു സമീപം, പുളിഞ്ചോട് കടവ്, വാളാച്ചിറ എൽ. പി.എസ് പടി, ചീയോട്ടികുത്ത്, പള്ളിത്താഴം, വാച്ചാക്കപ്പടി, പടിഞ്ഞാക്കരപ്പടി, മറ്റപ്പിള്ളി കടവ്, മണിക്കിണർ, ചീങ്കണ്ണിപ്പാറ, വെള്ളാരമറ്റം കടവ്, വെമ്പിള്ളി കടവ്, വരമ്പുപാറ കടവ്, മരോട്ടി കടവ്, വടക്കുംപാടം S.N.D.Pകടവ്, കോഴിപ്പാറ, ചേന്നാട്ടുകടവ്, പോക്കാപ്പിള്ളി കടവ്, കൽക്കുഴി കടവ്, വാഴേലി കടവ്, മാവുടി പാലം കടവ്, കുത്തിലെച്ചിറ, വെട്ടിത്തറ പാലം-ചെമ്പഴ കടവ്, മടത്തോത്ത് കടവ്, ഭൂതക്കല്ല്.

## List and Length of Roads (PWD) in Pallarimangalam Grama Panchayath

| | Name of Road | Total Length | Length in Pallarimangalam | |
|---|---|---|---|---|
| 1. | Puthupady Pothanicadue (MDR) | 11/000 | 6/500 to 8/500 | 2 KM. |
| 2. | Kozhippilly Adivadu Market (ODR) | 4/200 | 2/500 to 4/200 | 1/700 |
| 3. | Adivadu Parekkanni (ODR) | 6/300 | 6/300 | 6/300 |
| 4. | Paimattom Manikkinar (ODR) | 2/000 | 2/000 | 2/000 |
| 5. | Kavalangad Pareekkanni (ODR) | 4/850 | 2/000 to 4/800 | 2/800 |
| 6. | Paingottoor Pothanicad (MDR) | 6/700 | 5/00 to 6/200 | 1/200 |
| 7. | Pulinthanam Vettithara (ODR) | 4/00 | 2/000 | 2/000 |
| 8. | Adivadu - Madiyoor - Kuthukuzhy (ODR) | 4/200 | 0/00 to 2/00 | 2/000 |
| 9. | Uppukuzhy - Mavudy (ODR) (New Road Proposed) | 8/450 | 2/050 to 2/250 | 200 m. |
| 10. | Vellaramattam - Paimattam (New road under Const.) (ODR) | 1/650 | - | 1/650 |
| 11. | 30th Mile AM Road to Kalam. | 6/300 | 0/00 to 2/300 | 2/300 |

### നിലവിലുള്ള താഴെ പറയുന്ന റോഡുകൾ വീതിക്കൂട്ടി ടാർ ചെയ്യുക

**വാർഡ് നമ്പർ (I)**

| ക്രമനമ്പർ | റോഡുകളുടെ പേര് | നീളം | വീതി | റോഡിന്റെ ഇനം |
|---|---|---|---|---|
| 1 | പൈമറ്റം – മുളമാരി റോഡ് | 1200 മീ. | 4 മീ. | മൺറോഡ് |
| 2 | പരുത്തിമാലി – പരീക്കണ്ണി റോഡ് | 2500 മീ. | 4 മീ. | ,, |
| 3 | വെള്ളാരമറ്റം – നെല്ലിമറ്റം റോഡ് | 1500 മീ. | 8 മീ. | ,, |
| 4 | പൈമറ്റം – മൂടേലി റോഡ് | 500 മീ. | 4 മീ. | ,, |
| 5 | കുറ്റംവേലി – പരുത്തിമാലി റോഡ് | 1000 മീ. | 5 മീ. | ,, |
| 6. | പൈമറ്റം – പരുത്തിമാലി റോഡ് | 500 മീ. | 4 മീ. | ,, |
| 7. | പൈമറ്റം – പുലിയം പാറ റോഡ് | 250 മീ. | 4 മീ. | ,, |
| 8. | പരുത്തിമാലി – അമ്പിളിക്കവല റോഡ് | 1500 മീ. | 4 മീ. | ,, |
| 9. | പൈമറ്റം ഗവ. യു.പി. സ്കൂൾ റോഡ് | 200 മീ. | 8 മീ. | ,, |
| 10 | പൈമറ്റം – വെട്ടിമറ്റം റോഡ് | | | |

വാർഡ് നമ്പർII

| | | | | |
|---|---|---|---|---|
| 1 | വെള്ളാങ്ങപ്പടി – മണിക്കിണർ റോഡ് | 1600 മീ. | 3 മീ. | മൺറോഡ് |
| 2 | പുല്ലുമല റോഡ് | 500 മീ. | 3 മീ. | ,, |
| 3 | കുറ്റം വേലി – മണിക്കിണർ റോഡ് | 1500 മീ. | 8 മീ. | ,, |

| | | | | |
|---|---|---|---|---|
| 4 | പുല്ലുമല (പൈമറ്റം) പടിഞ്ഞാറേക്കടവു റോഡ് | 1000 മീ. | 3.5 മീ. | ,, |
| 5 | പരീക്കണ്ണി - പള്ളിത്താഴം കടവ് റോഡ് | 125 മീ. | 4 മീ. | ,, |
| 6 | മണിക്കിണർ - മറ്റപ്പിള്ളി കടവ് റോഡ് | 400 മീ. | 4 മീ. | ,, |
| 7 | പൈമറ്റം - ലക്ഷംവീട് കോളനി റോഡ് | 500 മീ. | 3 മീ. | ,, |
| 8 | കൂറ്റംവേലി കുത്തുകുഴി റോഡ് | 4 കി.മീ. | 8 മീ. | ടാർ റോഡ് 2കി.മീ. |
| 9 | പൈമറ്റം - കുഴിക്കണ്ടം ഹരിജൻ കോളനി റോഡ് | 1700 മീ. | 5 മീ. | ടാർ 1300 മീ. |
| 10 | കൂറ്റംവേലി കടവു റോഡ് | 200 മീ. | 3.5 മീ. | |

വാർഡ് നമ്പർIII

| | | | | |
|---|---|---|---|---|
| 1 | കൂവള്ളൂർ - ആനത്തൊഴി റോഡ് | 1500 മീ. | 8 മീ. | മൺറോഡ് |
| 2 | വള്ളക്കടവ് റോഡ് | 500 മീ. | 4 മീ. | ,, |
| 3 | കൂവള്ളൂർ - ചാത്തമറ്റം ഡിവിഷൻ റോഡ് | 200 മീ. | 6 മീ. | ,, |
| 4 | കാവു പറമ്പ് - ഹരിജൻ കോളനി റോഡ് | 500 മീ. | 4 മീ. | ,, |
| 5 | കുഴികണ്ടം കടവ് റോഡ് | 200 മീ. | 4 മീ. | ,, |

വാർഡ് നമ്പർIV

| | | | | |
|---|---|---|---|---|
| 1 | പുളിയ്ക്കപ്പാറ -തൈക്കാവ് മണിക്കിണർ കടവു റോഡ് | 500 മീ. | 4 മീ. | മൺറോഡ് |
| 2 | വെള്ളാരമറ്റം - കുറുപ്പുംകണ്ടം തടത്തിക്കുന്നേപ്പടി റോഡ് | 1500 മീ. | 4 മീ. | ,, |
| 3 | വെള്ളാരമറ്റം - മണിക്കിണർ റോഡ് | 1000 മീ. | 4 മീ. | ,, |
| 4 | മണിക്കിണർ മോസ്ക്ക് റോഡ് (ഫുട്ട് ബ്രിഡ്ജ്) | 250 മീ. | 8 മീ. | ,, |
| 5 | വെള്ളാരമറ്റം - കൊച്ചാലിപ്പിടിക റോഡ് | 2000 മീ. | 3.5 മീ. | ,, |
| 6 | കസമിപ്പടി - പതിയാളി റോഡ് | 500 മീ. | 2 മീ. | ,, |
| 7 | വെള്ളാരമറ്റം - കൊടമന റോഡ് | 3-800 മീ. | 8 മീ. | ,, |
| 8 | വരമ്പുപാറ കടവ് റോഡ് | 350 മീ. | 4 മീ. | ,, |

വാർഡ് നമ്പർV

| | | | | |
|---|---|---|---|---|
| 1 | മടിയൂർ - വടക്കും പാടം റോഡ് | 650 മീ. | 4 മീ. | മൺറോഡ് |
| 2 | കൊച്ചാലി പീടിക - പുലിക്കുന്നേപ്പടി റോഡ് | 1000 മീ. | 5 മീ. | ,, |
| 3 | കൊടമണ്ട പാലം റോഡ് | 1000 മീ. | 4 മീ. | ,, |
| 4 | തടത്തിക്കുന്നേൽ - വടക്കും പാടം റോഡ് | 1000മീ. | 4 മീ. | ,, |
| 5 | കൈപ്പിള്ളി കടവ് റോഡ് | 100 മീ. | 5 മീ. | ,, |
| 6 | എസ്.എൻ.ഡി.പി. കടവ് റോഡ് | | | |
| 7 | വടക്കും പാടം കടവ് റോഡ് | | | |

വാർഡ് നമ്പർVI

| | | | | |
|---|---|---|---|---|
| 1 | പല്ലാരിമംഗലം - പള്ളിപ്പടി കൊടമണ്ട റോഡ് | 1700 മീ. | 4 മീ. | മൺ റോഡ് |
| 2 | വെള്ളാരങ്ക പീടിക - മോസ്ക് റോഡ് | 1000 മീ. | 6 മീ. | ,, |
| 3 | അടിവാട് - മടിയറച്ചാൽ റോഡ് | 1000 മീ. | 3.80 മീ. | ,, |
| 4 | മടിയൂർ - പല്ലാരിമംഗലം റോഡ് | 1500 മീ. | 5 മീ. | ,, |
| 5 | പല്ലാരിമംഗലം നേഴ്സറി റോഡ് | 130 മീ. | 3 മീ. | ,, |
| 6 | പല്ലാരിമംഗലം - ലക്ഷംവീട്- മടിയറച്ചാൽ റോഡ് | 1000 മീ. | 3.75 മീ. | ,, |
| 7 | വീട്ടിപ്പാറ - തടത്തിക്കുന്നേപ്പടി- പുലിക്കുന്നേപ്പടി റോഡ് | 800 മീ. | 4 മീ. | ,, |
| 8 | മില്ലുംപടി - പള്ളിപ്പടി റോഡ് | 800 മീ. | 4 മീ. | ,, |
| 9 | പുളിയ്ക്കപ്പാറ - തൈക്കാവും പടി - മില്ലുംപടി - പള്ളിപ്പടി ലിങ്ക് റോഡ് | 1500 മീ. | 4 മീ. | ,, |

| | | | | |
|---|---|---|---|---|
| 10 | മില്ലുപടി - പള്ളിപ്പടി റോഡ് | 2000 മീ. | 3.5 മീ. | ,, |
| 11 | വീട്ടിപ്പാറ - ഒന്നാനാം കുന്ന് റോഡ് ( തടത്തിക്കുന്നേപ്പടി റോഡ്) | 2000 മീ. | 6 മീ. | ,, |

വാർഡ് നമ്പർ I

| | | | | |
|---|---|---|---|---|
| 1 | അടിവാട് - കല്ലുപുറത്ത്പടി റോഡ് | 1000 മീ. | 4 മീ. | മൺറോഡ് |
| 2 | മാവുപടി - പല്ലാരിമംഗലം ബൗണ്ടറി റോഡ് | 1000 മീ. | 4 മീ. | ,, |
| 3 | മാവുപടി- ജനതാ റോഡ് | 1000മീ. | 4മീ. | ,, |
| 4 | മാവുപടി - തടത്തിക്കുന്നേപ്പടി റോഡ് | 1500 മീ. | 4.50 മീ. | ,, |
| 5 | മാവുപടി - ഗവ. എൽ.പി.സ്കൂൾ പല്ലാരിമംഗലം വെയിറ്റിംഗ് ഷെഡ് റോഡ് | 2000 മീ. | 6 മീ. | ,, |
| 6 | മാവുപടി - ചോലക്കര റോഡ് | 750 മീ. | 4 മീ. | ,, |

വാർഡ് നമ്പർVIII

| | | | | |
|---|---|---|---|---|
| 1 | അടിവാട് - ഭൂതക്കല്ല് റോഡ് | 1500 മീ. | 4 മീ. | മൺറോഡ് |
| 2 | അടിവാട് - കുത്തിലെ ചിറ റോഡ് | 500മീ. | 4മീ. | ,, |
| 3 | പിടവൂർ - കൊടമണ്ട റോഡ് | 1500മീ. | 4മീ. | ,, |
| 4 | അടിവാട് - പറമ്പഞ്ചേരി റോഡ് | 500 മീ. | 4മീ. | ,, |
| 5 | അടിവാട് - പുനരിധിവാസ കോളനി റോഡ് | 1000 മീ. | 4 മീ. | ,, |
| 6 | അടിവാട് - മുട്ടുചിറ റോഡ് | 500 മീ. | 4 മീ. | |

# ഊർജ്ജം

1972ലാണ് ഈ പ്രദേശത്ത് ആദ്യമായി വൈദ്യുതി എത്തിയത്. റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം അച്ചുതമേനോൻ മന്ത്രിസഭയുടെ കാലത്ത് ആദ്യമായി പൈമറ്റം കേന്ദ്രീകരിച്ചാണ് നടപ്പിലാക്കിയത്. ഉൽഘാടകനായിരുന്ന അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം.എൻ ഗോവിന്ദൻ നായർ എത്തിച്ചേരാതിരുന്നതുകൊണ്ട് തദ്ദേശവാസിയായ ശ്രീ. ഇട്ടി അച്യുതനാണ് ആ കർമ്മം നിർവ്വഹിച്ചത്. ഇന്ന് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ആവശ്യങ്ങൾ ഇനിയും ബാക്കിയാണ്. അതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും സമർപ്പിക്കുന്നു.

### ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മൈലൂരിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.
2. മാവുടി, പൈമറ്റം, പള്ളിക്കവല, കൂവള്ളൂർ കവല, പരുത്തിമാലി, വള്ളക്കടവ്, പരുത്തിക്കാട്ടുപടി, കുറിഞ്ഞിലിക്കാട്ടുമറ്റം, S.N.D.P കവല, അടിവാട് തെക്കേക്കവല എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക.
4. വഴിവിളക്കുകളുടെ വൈദ്യുതിചാർജ്ജ് സർക്കാർ വഹിക്കുക.
5. തെളിയാത്ത വഴിവിളക്കുകളെല്ലാം തെളിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് പല്ലാരിമംഗലത്ത് തുടങ്ങുക.
7. താഴെ പറയുന്ന കോളനികൾ സൗജന്യമായി വൈദ്യുതീകരിക്കുക.
   a) അടിവാട് വെളിയംകുന്ന് കോളനി
   b) മൈലാടുംപാറ കോളനി
   c) ചോലക്കര കോളനി
   d) കൽക്കുഴി കോളനി
   e) പുലിക്കുന്നേപ്പടി കോളനി
   f) തോട്ടുകണ്ടം കോളനി
   g) വെളിച്ചെണ്ണ കണ്ടം കോളനി

h) കുറുപ്പുംകണ്ടം കോളനി
I) കാവുപറമ്പ് കോളനി
j) പൈമറ്റം കോളനി
k) കൂടാതെ എല്ലാ ലക്ഷംവീടു കോളനികളും

8. കോതമംഗലം ആറ്റിൽ കൂവള്ളൂർ-കൂമ്പൻപാറ ഭാഗത്ത് ഒരു മിനി ജലവൈദ്യുത പദ്ധതി ആരംഭിച്ച് ഈ പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുക.
9. പല്ലാരിമംഗലത്ത് ഒരു L.P.G. ഗ്യാസ് ഏജൻസി അനുവദിക്കുക.
10. ബയോഗ്യാസ് പ്ലാന്റുകൾക്ക് നിലവിലുള്ള സബ്സിഡി കൂട്ടുക.
11. പുകയില്ലാത്ത അടുപ്പ് പദ്ധതി വ്യാപകമാക്കുക.
12. സൗരോർജ്ജം ഉപയോഗിച്ച് വഴിവിളക്കുകൾ തെളിക്കുക.

## പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   a) ഗാർഹികം 1500
   b) വ്യാപാരം 300
   c) വ്യാവസായികം 50
   d) കാർഷികം 150

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം
   a)Ordinary - 200
   b) OTP - 10
   c) OYEC - 20
   അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി 28/10/96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   a) ബൾബ് 25W .... 40W ...... 60W ........ 100W ...... 150 Nos.
   b) ട്യൂബ് 20
   c) മെർക്കുറി
   d) സോഡിയം വേപ്പർ

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 2+1

5. തൻ വർഷത്തെ കണക്ഷൻ
   ഓർഡിനറി 25
   OTP - 10
   OYEC - 100

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ
   1. 250 KVA Adivadu
   2. 100 KVA Pallarimangalam
   3. Pulikunnepady
   4. Kudamunda
   5. Madiyoor
   6. Koovalloor
   7. Manikinar
   8. Paimattom
   9. Kuttanvely
   10. Puliyanpara

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക



# വിദ്യാഭ്യാസം

സാമൂഹികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായി ഈ പ്രദേശം അടുത്ത കാലംവരെ വളരെ പിന്നിലായിരുന്നു. ആദ്യ കാലഘട്ടങ്ങളിൽ നിലത്തെഴുത്താശാന്മാരായിരുന്നു വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ചിരുന്നത്. 1932ൽ ആരംഭിച്ച പല്ലാരിമംഗലം എൽ.പി. സ്കൂളാണ് ഇവിടത്തെ ആദ്യത്തെ വിദ്യാലയം. തുടർന്ന് പൈമറ്റം എൽ.പി. സ്കൂളും കൂവള്ളൂർ എൽ.പി. സ്കൂളും മാവുടി എൽ.പി. സ്കൂളും കുടമുണ്ട എൽ.പി. സ്കൂളും ആരംഭിച്ചു. പല്ലാരിമംഗലം എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെട്ട് വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയരുകയുണ്ടായി. പൈമറ്റം എൽ.പി യു.പി.എസ്സ്. ആയി ഉയർത്തിയെങ്കിലും ആ സ്ഥിതിയിൽത്തന്നെ തുടരുകയാണ്. അതിനുശേഷം കൂവള്ളൂർ ഒരു U.P.S. ആരംഭിച്ചു. ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തിൽ ഒരു ഗവ: ഹയർ സെക്കന്ററി സ്കൂളും, രണ്ട് യു.പി. സ്കൂളുകളും, 4 എൽ.പി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി 1872 വിദ്യാർത്ഥികളും 80ൽ പരം അദ്ധ്യാപകരുമുണ്ട്. ഇവയിൽ സർക്കാർ വിദ്യാലയങ്ങൾ മൂന്നും, പ്രൈവറ്റ് വിദ്യാലയങ്ങൾ നാലുമാണ്. കൂടാതെ അംഗീകാരമില്ലാത്ത പല വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും യാതൊരു സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. ദൂരസ്ഥലങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. നിലവിലുള്ള വിദ്യാലയങ്ങൾക്കുതന്നെ ആവശ്യമായ സ്ഥലസൗകര്യം, കളിസ്ഥലം, ഉപകരണങ്ങൾ, ചുറ്റുമതിൽ, കുടിവെള്ളത്തിനുള്ള സൗകര്യം, കക്കൂസ്, മൂത്രപ്പുര എന്നീ ഭൗതിക സൗകര്യങ്ങളില്ല. ഇതിനെല്ലാം അടിയന്തിരമായി പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

അടുത്ത കാലത്തായി നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ മൂവാറ്റുപുഴ, കോതമംഗലം മുതലായ സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ പോയി പഠിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നു. നമ്മുടെ വിദ്യാലയങ്ങളുടെ ഭൗതിക പരിമിതികളും, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അന്ധമായ ഭ്രമവും സ്വകാര്യ വിദ്യാലയങ്ങളുടെ പ്രലോഭനങ്ങളുമാണ് ഈ പ്രവണതക്കു കാരണം.

നിലവിലുള്ള നമ്മുടെ വിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും, ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, കുടിയേറ്റ വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. ഇതിനായി നിലവിലുള്ള അദ്ധ്യാപക രക്ഷാകർതൃ സമിതിയും ഗ്രാമസഭയും മുൻകയ്യെടുത്തു പ്രവർത്തിക്കണം. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടി കഴിയുന്നതും പത്താംക്ലാസ്സു വരെയെങ്കിലും പഠിത്തം തുടരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1989ൽ എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ഈ പഞ്ചായത്തും 100% സാക്ഷരത കൈവരിച്ചിട്ടുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. ഈ രംഗത്തു പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവയിൽ പലതും പിഞ്ചുകുട്ടികളുടെ മാനസികവും ശാരീരികവുമായ അവസ്ഥക്കു യോജ്യമായിട്ടല്ല പ്രവർത്തിക്കുന്നത്. മാവുടി ഗവ: എൽ.പി. സ്കൂളിനോട് അനുബന്ധിച്ചുള്ളതും കൂവള്ളൂർ പഞ്ചായത്തു മേൽനോട്ടത്തിലുള്ളതുമാണ് ഗവൺമെന്റ് അംഗീകാരമുള്ളത്. പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സന്നദ്ധ സംഘടനകളെയും മറ്റ് ഏജൻസികളെയും ഏൽപിച്ച് ഒരു വാർഡിൽ ഒന്ന് അല്ലെങ്കിൽ രണ്ട് എന്ന തോതിൽ ക്രമപ്പെടുത്തി അതിന്റെ മേൽനോട്ടം ഗ്രാമസഭയിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഔപചാരിക വിദ്യാ

## നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| സ്കൂളിന്റെ പേര് | ഗവ/മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1. ഗവ:വെക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പല്ലാരിമംഗലം | ഗവൺമെന്റ് | 984 | 39 |
| 2. ഗവ: യു.പി.എസ്. പൈമറ്റം | ഗവൺമെന്റ് | 278 | 11 |
| 3. P.M.S.A.P.T.M UPS, കൂവള്ളൂർ | മാനേജ്മെന്റ് | 130 | 7 |
| 4. ഗവ: L.P.S., മാവുടി | ഗവൺമെന്റ് | 124 | 5 |
| 5. S.S.M. L.P.S., കുടമുണ്ട | മാനേജ്മെന്റ് | 202 | 8 |
| 6. L.P.S. വാളാച്ചിറ | ,, | 77 | 5 |
| 7. L.P.S കൂവള്ളൂർ | ,, | 77 | 5 |

ഭ്യാസം കൂടാതെ മതപരമായ വിദ്യാഭ്യാസം നൽകുന്നതിന് ഒട്ടേറെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ മദ്രസ്സകളായും ജൂനിയർ കോളേജുകളായും നഴ്സറി സ്കൂളുകളായും പ്രവർത്തിക്കുന്നു.

ഇതിൽ അൺ എക്കണോമിക്ക് ആയി പ്രഖ്യാപിച്ചിട്ടുള്ള വാളാഞ്ചിറ, കൂവള്ളൂർ എൽ.പി. സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ എക്കണോമിക് ആകുന്നതിന് ശ്രമിക്കുക.

**നഴ്സറി സ്കൂളുകൾ (അംഗീകാരമുള്ളത്)**

1. മാവുടി L.P.S. നഴ്സറി സ്കൂൾ
2. പഞ്ചായത്ത് നഴ്സറി സ്കൂൾ

**മറ്റു വിദ്യാലയങ്ങൾ (അംഗീകാരമില്ലാത്തത്)**

1. ഇർഷാദിയ പബ്ലിക് സ്കൂൾ, കൂവള്ളൂർ
2. ഫറൂക്ക് നഗർ നഴ്സറി സ്കൂൾ, കുടമുണ്ട
3. ദേശീയ ബാലവാടി, അടിവാട്
4. പല്ലാരിമംഗലം ബാലവാടി, വെയിറ്റിംഗ് ഷെഡ്

**ഈ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിന് താഴെ പറയുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.**

1. പഞ്ചായത്തിൽ Arts College തുടങ്ങുക.
2. ഈ പഞ്ചായത്തിൽ ഒരു Law College തുടങ്ങുക.
3. ഒരു പോളിടെക്നിക് അനുവദിക്കുക.
4. പൈമറ്റം യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.
5. കൂവള്ളൂർ ഒരു ഗേൾസ് ഹൈസ്കൂൾ തുടങ്ങുക.
6. നിലവിലുള്ള കുടമുണ്ട, വാളാച്ചിറ, മാവുടി എന്നീ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തുക.
7. നിലവിലുള്ള എല്ലാ സ്കൂളുകളിലും കക്കൂസ്, മൂത്രപ്പുര, വാട്ടർ സപ്ലൈ എന്നിവ നടപ്പിലാക്കുകയും ചുറ്റുമതിൽ കെട്ടുകയും ചെയ്യുക. കൂടാതെ ആവശ്യമായ കെട്ടിടങ്ങൾ,ഫർണിച്ചറുകൾ, കളിസ്ഥലം, ലാബ്, ലൈബ്രറി എന്നിവ ലഭ്യമാക്കുക.
8. പ്രീഡിഗ്രി, കോളേജുകളിൽനിന്നു വേർപെടുത്തുമ്പോൾ പല്ലാരിമംഗലം ഗവ: ഹൈസ്കൂളിനോടനുബന്ധിച്ച് പ്രീഡിഗ്രി ക്ലാസ്സുകൾ തുടങ്ങുക.
9. പല്ലാരിമംഗലം വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ കംപ്യൂട്ടർ കോഴ്സ് തുടങ്ങുകയും നിലവിലുള്ള കോഴ്സുകൾക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.
10. എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.
11. എല്ലാ എൽ.പി. സ്കൂളിന്റെയും മേൽനോട്ടം പഞ്ചായത്തിനെ ഏൽപിക്കുക.
12. സർക്കാർ വക നഴ്സറി സ്കൂളുകൾ എല്ലാ വാർഡിലും ആരംഭിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ പഠനനിലവാരം ഉയർത്തുകയും ചെയ്യുക.
13. പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറിയോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ്

മീഡിയം ഡിവിഷൻ ആരംഭിക്കുക.

14. പൈമറ്റത്ത് ഒരു ടെക്നിക്കൽ സ്കൂൾ അനുവദിക്കുക.

15. പഞ്ചായത്ത് നഴ്സറി സ്കൂളിനു വാങ്ങിയിരിക്കുന്ന സ്ഥലത്ത് കെട്ടിടം പണയുക.

16. മാവുടി എൽ.പി. സ്കൂളിന്റെ ഗ്രൗണ്ട് ലവൽ ചെയ്ത് ഒരു stage നിർമ്മിക്കുക. പഴയ കെട്ടിടം നന്നാക്കുകയും, ഉച്ചക്കഞ്ഞി പാചകത്തിന് ഷെഡ് നിർമ്മിക്കുകയും ചെയ്യുക.

17. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ കോംപ്ലക്സും, അക്കാഡമിക് കൗൺസിലും ആരംഭിക്കുക.

18. എല്ലാ സ്കൂളുകളിലും P.T.A യുടെ സേവനം മെച്ചപ്പെടുത്തുക. P.T.Aയിൽ പൂർവ്വ വിദ്യാർത്ഥികൾക്കും അഭ്യുദയകാംക്ഷികൾക്കും അംഗത്വം കൊടുക്കുക.

19. പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലത്തിനുവേണ്ടി ഒരേക്കർ സ്ഥലം അക്വയർ ചെയ്യുക.

20. സ്കൂളുകളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സെൻസസ് പോലെയുള്ള പ്രവർത്തനങ്ങളിൽനിന്ന് അദ്ധ്യാപകരെ ഒഴിവാക്കുക.

21. പല്ലാരിമംഗലം ഗവ. ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു പ്ലസ് ടു കോഴ്സ് (സയൻസ് വിഭാഗം) ആരംഭിക്കുക.

22. ഉയർന്ന വിദ്യാഭ്യാസത്തിന് യാതൊരു സാദ്ധ്യതയുമില്ലാത്ത ഒരു പ്രദേശമാണ് കുടമുണ്ട. ആയതിനാൽ നിലവിലുള്ള എൽ.പി. സ്കൂൾ എത്രയും പെട്ടെന്ന് അപ്ഗ്രേഡ് ചെയ്യുക. ഇതിനോടനുബന്ധിച്ച് ഒരു പ്രീ- പ്രൈമറികൂടി അനുവദിക്കുക.

23. എല്ലാ സ്കൂളുകൾക്കും കളിസ്ഥലം ഉറപ്പുവരുത്തുക.

24. നിർധനരായ കുടുംബത്തിലെ കുട്ടികൾക്ക് യൂണിഫാറവും, പുസ്തകവും, കുടയും സൗജന്യമായി വിതരണം ചെയ്യുക.

25. സ്കൂൾ കുട്ടികളുടെ ചികിത്സാ ചിലവിന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് കൊടുക്കുക.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref. AVF.G.

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S. | 19 | 20 | 39 | 468 | 516 | 984 | ഉണ്ട് | – | കളിസ്ഥലംഇല്ല | ഡസ്ക് – 25<br>ബഞ്ച് – 25<br>മേശ – 15<br>കസേര – 40<br>അലമാര – 5 |
| U.P.S. | 9 | 9 | 18 | 209 | 199 | 408 | ഉണ്ട് | – | ,, | ഡസ്ക് – 15<br>ബഞ്ച് – 15<br>മേശ – 5<br>കസേര – 5<br>അലമാര – 2 |
| L.P.S. | 11 | 11 | 22 | 253 | 211 | 464 | ഉണ്ട് | – | ,, | ബഞ്ച് – 100<br>മേശ – 20<br>കസേര – 20<br>അലമാര – 20<br>ബോർഡ് – 20 |
| Premprimary | 0 | 2 | 2 | 16 | 20 | 36 | ഇല്ല | 2 | ഇല്ല | മേശ – 4<br>കസേര – 10<br>ബഞ്ച് – 10<br>ബോർഡ് – 4 |
| ആകെ | 39 | 42 | 81 | 946 | 946 | 1892 | – | 2 | – | – |

# അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : GVHSS Pallarimangalam

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | എസ്.എസ്.എൽ.സി. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ | 30–40% | 40–50% | 50–60% | 60%ത്തിൽ | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 46 | 4 | 25 | 5 | 8 | 4 | | | | | |
| 4 | 56 | 5 | 24 | 14 | 5 | 8 | | | | | |
| 5 | 108 | 10 | 77 | 10 | 5 | 6 | | | | | |
| 6 | 104 | 10 | 62 | 17 | 4 | 11 | | | | | |
| 7 | 142 | 28 | 79 | 19 | 8 | 8 | | | | | |
| 8 | 165 | 27 | 103 | 28 | 4 | 3 | | | | | |
| 9 | 150 | 29 | 103 | 12 | 1 | 5 | | | | | |
| 10 | 132 | 14 | 91 | 22 | 2 | 3 | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | 26% | 46% | 40% | 30% | 22% |

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് : GVHSS Pallarimangalam

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | എസ്സി/എസ്ടി കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനംനിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | എസ്സി/എസ്ടി കുട്ടികൾ | | | മറ്റുള്ളവർ | | | എസ്സി/എസ്ടി കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 13 | 15 | 28 | 2 | | 2 | – | – | – | – | – | – | – | – | – | – | – | – | – |
| II | 29 | 24 | 53 | 2 | 1 | 3 | - | - | - | - | 2 | 2 | - | - | - | 2 | 5 | 7 | 7 |
| III | 23 | 23 | 46 | 2 | – | 2 | – | – | – | 2 | 3 | 5 | – | – | – | 2 | 32 | 4 | 4 |
| IV | 30 | 26 | 56 | 1 | 2 | 3 | - | - | - | 7 | 2 | 9 | - | - | - | 1 | - | 1 | 1 |
| V | 55 | 53 | 108 | 1 | 3 | 4 | - | - | - | 5 | 3 | 8 | - | - | - | - | - | - | - |
| VI | 48 | 56 | 104 | 2 | 2 | 4 | - | - | - | 8 | 2 | 10 | - | - | - | - | 2 | 2 | 2 |
| VII | 77 | 65 | 142 | 3 | 2 | 5 | - | 1 | 1 | 14 | 12 | 26 | - | - | - | 4 | 2 | 6 | 6 |
| VIII | 78 | 87 | 165 | 1 | 3 | 4 | - | 1 | 1 | 15 | 8 | 23 | 1 | - | 1 | 4 | 3 | 7 | 8 |
| IX | 61 | 89 | 150 | - | 1 | 1 | - | - | - | 10 | 9 | 19 | - | - | - | 8 | 1 | 9 | 9 |
| X | 54 | 78 | 132 | - | 2 | 2 | - | - | - | - | - | - | - | - | - | - | 3 | 3 | 3 |
| ആകെ | 468 | 516 | 984 | 14 | 16 | 30 | | 2 | 2 | 61 | 41 | 102 | 1 | – | 1 | 21 | 18 | 39 | 40 |

പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്.

ഓരോ സ്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന് ഇതേ ഫോറം തന്നെ ഉപയോഗിക്കാം.



# തൃതീയ മേഖല

## പൊതുജനാരോഗ്യം

ആധുനിക ചികിത്സാ സൗകര്യം ഉണ്ടാകുന്നതിനുമുമ്പ് നാട്ടുവൈദ്യന്മാരെ ആശ്രയിച്ചാണ് ചികിത്സ നടത്തിയിരുന്നത്. വിഷ ചികിത്സാരംഗത്ത് പുത്തൻപുരയിൽ പാപ്പി വൈദ്യനും, മറ്റു ചികിത്സാ രംഗത്ത് വാഴവേലിൽ പത്രോസ് വൈദ്യൻ, വെട്ടുകല്ലേൽ ചാക്കോ വൈദ്യൻ, പാലക്കുന്നേൽ ഗോവിന്ദൻ ആചാരി, കുരുട്ടുകുളം വൈദ്യൻ, പെരിയപ്പുറം വൈദ്യൻ, മണ്ടോത്തി വൈദ്യൻ, പുൽപ്പറമ്പിൽ പാപ്പി വൈദ്യൻ, തോമാ വൈദ്യൻ, പാപ്പുക്കുട്ടൻ വൈദ്യൻ എന്നിവരും പ്രഗത്ഭരായ പാരമ്പര്യ നാട്ടുവൈദ്യന്മാരായിരുന്നു.

അലോപ്പതി ചികിത്സാരംഗത്ത് ആദ്യമായി ഈ പ്രദേശത്ത് അറിയപ്പെടുന്നവർ Dr. ജോസഫ് (നെല്ലിമറ്റം), Dr. ഫിലിപ്പ്, ശ്രീധരൻ വൈദ്യൻ എന്നിവരാണ്.

ഹോമിയോപ്പതി ചികിത്സാരംഗത്ത് ഇന്നാട്ടുകാർ അശ്രയിച്ചിരുന്നത് കോതമംഗലത്ത് Dr. സ്വാമി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഡോക്ടർ സുബ്രഹ്മണ്യ അയ്യരായിരുന്നു.

ഈ പ്രദേശത്ത് ഇപ്പോൾ 4 സ്വകാര്യ ഹോമിയോപ്പതി ചികിത്സാകേന്ദ്രങ്ങളും, ഒരു സർക്കാർ ഹോമിയോ ആശുപത്രിയും, ഒരു പ്രൈമറി ഹെൽത്ത് സെന്ററും പ്രവർത്തിക്കുന്നുണ്ട്.

10 കിടക്കകളിടാനുള്ള സൗകര്യത്തോടുകൂടിയ കെട്ടിടം പണിതിട്ടുണ്ടെങ്കിലും അത് ഉൽഘാടനം ചെയ്യുകയോ, ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുകയോ ചെയ്യാത്തതിനാൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രയോജനം ഒരു രീതിയിലും നാട്ടുകാർക്കു ലഭിക്കുന്നില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. നിലവിലുള്ള P.H. സെന്ററിൽ ഒരു ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധൻ, അസ്ഥിരോഗ വിദഗ്ദ്ധൻ എന്നിവരെ അടിയന്തിരമായി നിയമിക്കുക. ഇവിടെ ഒരു X-Ray യൂണിറ്റ്, ബ്ലഡ് ബാങ്ക്, ലബോറട്ടറി, സ്കാനിംഗ് സെന്റർ എന്നിവ ആരംഭിക്കുക. നിലവിലുള്ള 10 കിടക്കകൾക്കു പുറമെ, ഇംപേഷ്യന്റ് വിഭാഗത്തിന് 25 കിടക്കകൾകൂടി അനുവദിക്കുകയും നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുക.
2. പൈമറ്റത്തും അടിവാടും പ്രവർത്തിക്കുന്ന അപകട നിലയിലുള്ള ഫാമിലി വെൽഫെയർ സെന്ററുകൾ പൊളിച്ചു ഡിസ്പെൻസറികളായി ഉയർത്തുക.
3. മണിക്കിണർ, കൂറ്റംവേലി, കാവുപറമ്പ്, മടിയൂർ, മാവുടി, പല്ലാരിമംഗലം, വെയിറ്റിംഗ് ഷെഡ് എന്നിവിടങ്ങളിൽ F.W.C കൾ തുടങ്ങുക.
4. അടിവാടുഭാഗത്ത് ഒരു ആയുർവ്വേദ ആശുപത്രിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും തുടങ്ങുക.
5. വെള്ളാരമറ്റത്ത് ഒരു പ്രകൃതി ചികിത്സാകേന്ദ്രം തുടങ്ങുക.

6. കൂറ്റംവേലിയിൽ ഒരു യുനാനി ചികിത്സാലയം തുടങ്ങുക.
7. ഈ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും സൗജന്യമായി വൈദ്യപരിശോധന നടത്തി ഹെൽത്തു കാർഡു നൽകുക.
8. നിർദ്ധനരായ 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും മെഡിക്കൽ അലവൻസ് നടപ്പിലാക്കുക.

### പരിസര ശുചീകരണം

1. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുക.
2. മാരകരോഗങ്ങൾ പരത്തുന്ന എലി, കൊതുക് എന്നിവയെ നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക.
5. ലക്ഷംവീട് കോളനികൾ ഉൾപ്പെടെ പഞ്ചായത്തിലെ എല്ലാ കോളനികളിലും പരിസര മലിനീകരണം ഉണ്ടാകാതെ വേണ്ട നടപടികൾ സ്വീകരിക്കുക.
6. കക്കൂസുകളില്ലാത്ത അർഹരായ മുഴുവൻ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക.
7. ചുറ്റുമതിൽ കെട്ടാത്ത മുഴുവൻ കിണറുകൾക്കും സൗജന്യമായി ചുറ്റുമതിൽ കെട്ടി കൊടുക്കുക.
8. അടിവാട് ഭാഗത്ത് ഒരു കംഫർട്ടു സ്റ്റേഷൻ ആരംഭിക്കുക.
9. വഴിയോരങ്ങളിലും, ആശുപത്രി വളപ്പുകളിലും തണൽമരങ്ങൾ നട്ടുപിടിപ്പിക്കുക.

## കുടിവെള്ളം

ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പൂർണ്ണമായ തോതിൽ കുടിവെള്ളം എത്തിക്കാൻ പര്യാപ്തമായ പദ്ധതി രൂപീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പോത്താനിക്കാട് വില്ലേജ് വാട്ടർ സപ്ലൈ സ്കീം 92-93 വർഷത്തിൽ പണി ആരംഭിച്ചുവെങ്കിലും ഈ പഞ്ചായത്തിലെ മൂന്നു മുതൽ എട്ടുവരെ വാർഡുകളിൽ മാത്രമേ ഭാഗികമായെങ്കിലും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ സ്കീമിനുവേണ്ടി പറമ്പഞ്ചേരിയിൽ 25 സെന്റ് സ്ഥലം പല്ലാരിമംഗലം പഞ്ചായത്ത് വാങ്ങുകയും ഈ പ്രദേശത്തെ ആവശ്യത്തിനുവേണ്ടി ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പണിയുകയും ചെയ്തു. ടി.എം. ജേക്കബ് ജലസേചന മന്ത്രിയായിരിക്കുമ്പോൾ ശ്രീ. വി.ജെ പൗലോസ് എം.എൽ.എ താൽപര്യമെടുത്താണ് ഈ സ്കീം നടപ്പിലാക്കിയതെങ്കിലും ഈ സ്കീം പരിപൂർണ്ണമാക്കുന്നതിനോ, മുഴുവൻ പ്രദേശത്തും സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കുന്നതിനോ ഹൗസ് കണക്ഷൻ നൽകുന്നതിനോ ഇനിയും കഴിഞ്ഞിട്ടില്ല.

പൈമറ്റം കോളനി, അടിവാട്, വെളിയംകുന്ന് കോളനി എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. ഒന്നും രണ്ടും വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പൈമറ്റം കോളനിയിലേക്കുള്ള അഡീഷണൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക.
2. നിലവിലുള്ള പോത്താനിക്കാട് വില്ലേജ് വാട്ടർ സപ്ലൈ സ്കീം ഈ പഞ്ചായത്തിലെ എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കുന്നതിന് പ്രയോജനപ്പെടുത്തുക. ആവശ്യക്കാർക്കെല്ലാം ഹൗസ് കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.
3. അടിവാട്-കുത്തിലച്ചിറ റോഡ്, അടിവാട്-പുഞ്ചക്കുഴി റോഡ്, മാവുടി എൽ.പി.എസ് റോഡ്,കുരിശുംപടി-വാഴവേലി പടി റോഡ്, വാഴവേലി പടി-ചോലക്കര റോഡ്, അമ്പലംപടി-മഠം റോഡ്, മാവുടി അതിർത്തി റോഡ് എന്നിവ ഉൾപ്പെടെ 25 കി.മീറ്റർ പൈപ്പ്ലൈൻ നീട്ടുകയും 150 പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
4. അടിവാട് വെളിയംകുന്ന് കോളനിയിൽ ഒരു ബൂസ്റ്റർ പമ്പ് സ്ഥാപിച്ച് കോളനിയുടെ മുകളിൽ ഒരു ടാങ്ക് നിർമ്മിച്ച് കോളനി നിവാസികൾക്കു മുഴുവൻ കുടിവെള്ളം എത്തിക്കുക.
5. കേരള വാട്ടർ അതോറിട്ടിയുടെ ഒരു സെക്ഷൻ ഓഫീസ് അടിവാട്ടു സ്ഥാപിക്കുക.
6. ശുദ്ധ-ജലവിതരണത്തിന്റെ പൂർണ്ണമായ ചുമതലയും അധികാരങ്ങളും പഞ്ചായത്തിനു വിട്ടുകൊടുക്കുക.
7. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി 25 കുഴൽകിണറുകൾ ഉണ്ടാക്കുക.

●

# പാർപ്പിടവും ക്ഷേമപ്രവർത്തനങ്ങളും

## പാർപ്പിടം

ഏതാണ്ട് 50 വർഷങ്ങൾക്കു മുമ്പ് ഏതാനും വീടുകൾ ഒഴിച്ച് എല്ലാ വീടുകളും വൈക്കോൽ മേഞ്ഞതായിരുന്നു. കാലക്രമേണ ഓടുമേഞ്ഞ കെട്ടിടങ്ങളും കോൺക്രീറ്റ് കെട്ടിടങ്ങളും ഉണ്ടായി. ഇപ്പോൾ ഈ പഞ്ചായത്തിൽ 3900 വീടുകൾ ഉള്ളതിൽ 870 കോൺക്രീറ്റ് വീടുകളും, 2470 ഓടുമേഞ്ഞ വീടുകളും 560 ഓലമേഞ്ഞ വീടുകളും ഉണ്ട്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെയും മറ്റു സാമൂഹ്യ സംഘടനകളുടെയും സഹകരണത്തോടെ 500 വീടുകൾ പണിതുനൽകിയിട്ടുണ്ട്. ഇനിയും ഏകദേശം 500 കുടുംബങ്ങൾക്ക് വീടുകൾ പണിതുകൊടുക്കേണ്ടതായിട്ടുണ്ട്. ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ ഭൂരഹിതർക്ക് പാർപ്പിടം നിർമ്മിക്കുവാനാവശ്യമായ ഭൂമിയുടെ ദൗർലഭ്യവും കനത്ത വിലയും വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യവും നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റവും വായ്പകൾ തരപ്പെടുത്തുവാനുള്ള പ്രയാസവും ഔദ്യോഗിക കാലതാമസവുമാണ്.

### പരിഹാരമാർഗ്ഗങ്ങൾ

1. പ്രതിവർഷം 20000 രൂപയിൽ താഴെ വരുമാനമുള്ള 500 കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചുകൊടുക്കുക.
2. ഇടത്തരം വരുമാനക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് വീടുനിർമ്മാണ വായ്പകൾ 1/3 സബ്സിഡിയോടുകൂടി അനുവദിക്കുക.
3. ഭൂരഹിതരായ 150 കുടുംബങ്ങൾക്ക് അതതു പ്രദേശത്ത് സ്ഥലം വാങ്ങി സൗജന്യമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുക.
4. കുറഞ്ഞ പലിശക്കു പകരം പലിശയില്ലാത്ത വായ്പകൾ നൽകുക.
5. വള്ളക്കടവു ഭാഗത്ത് പുഴ പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്കും പട്ടയം നൽകുക. പട്ടയം, ആധാരം എന്നീ രേഖകൾ ഇല്ലെങ്കിലും ഭൂമി കൈവശക്കാർക്ക് വീടനുവദിക്കുക.
6. ഭവന നിർമ്മാണ പദ്ധതിയുടെ Stage Certificate നൽകുന്നതിന് പഞ്ചായത്തു മെമ്പർമാരെ അധികാരപ്പെടുത്തുക.
7. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക.
8. ഭവന നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ ന്യായവിലക്കു ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം

വിദ്യാഭ്യാസപരമായും സാമൂഹ്യമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. ഏതാണ്ട് 50 വർഷത്തോളമായി സമീപ പഞ്ചായത്തുകൾ രൂപീകരിച്ചിട്ട്. 1978ൽ രൂപീകരിച്ച ഈ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സാമൂഹ്യമായി വളരെ പിന്നിലാണ്. ബാലാരിഷ്ടതകൾ തീർന്നിട്ടില്ലാത്ത ഈ പഞ്ചായത്തിന്റെ പ്രാരാബ്ധങ്ങൾ ഈ പഞ്ചായത്തിലെ ജനങ്ങളിലും പ്രകടമാണ്. ക്ഷേമപ്രവർത്തനങ്ങൾക്ക് I.R.D.P പോലുള്ള പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വളരെ കുറച്ചുപേർക്കേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. വിവിധ പെൻഷനുകൾ കിട്ടുന്നതിന് വളരെ കാലതാമസം അനുഭവപ്പെടുന്നു. അർഹരായ പലർക്കും സഹായങ്ങൾ ലഭിക്കുന്നതിനുള്ള പല സാങ്കേതിക തടസ്സങ്ങളും ഇന്നുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പ് വഴിയുള്ള ക്ഷേമപ്രവർത്തനങ്ങളുടെ ആനുകൂല്യം ലഭിക്കുവാൻ അർഹതയുള്ള മുഴുവൻ പേർക്കും അതു ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### പരിഹാരമാർഗ്ഗങ്ങൾ

1) വിവിധ വിഭാഗങ്ങളിൽപ്പെട്ട 80 വികലാംഗർ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. ഇവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കണം.
2) കർഷക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹരായ എല്ലാവർക്കും നൽകണം. ടി പെൻഷനുകളുടെ നിബന്ധനകൾ ലഘൂകരിക്കണം. അപേക്ഷകളിൻമേലുള്ള അന്വേഷണ ചുമതല പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക. പെൻഷൻ തുക പ്രതിമാസം 1000 രൂപ

യായി ഉയർത്തുക.

3) പഞ്ചായത്തിലെ എല്ലാ ജനങ്ങളെയും ഇൻഷ്വർ ചെയ്യുക.

4) ഈ പഞ്ചായത്ത് പ്രദേശത്ത് രണ്ട് അനാഥാലയങ്ങൾ തുടങ്ങുക.

5) ഒരു വിമൻസ് ഹോസ്റ്റലും അഗതി മന്ദിരവും തുടങ്ങുക.

6) ഒരു വികലാംഗ, മന്ദബുദ്ധി പുനരധിവാസ കേന്ദ്രവും തൊഴിൽ പരിശീലന കേന്ദ്രവും തുടങ്ങുക.

7) വിധവകളുടെയും നിർധനരുടെയും പെൺമക്കൾക്ക് വിവാഹ സഹായത്തിനുള്ള നടപടിക്രമം ലഘൂകരിക്കുകയും ധനസഹായ തുക 10000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യുക.

8) പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം തുടങ്ങുക.

9) സാമൂഹിക നിയമങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുകയും, നിയമസഹായവേദികൾ രൂപീകരിക്കുകയും ചെയ്യുക.

10) തൊഴിലില്ലായ്മ വേതന ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.

11) വാളാച്ചിറ, കൂറ്റംവേലി, വള്ളക്കടവ്, കൂവള്ളൂർ പാലം, പുലികുന്നേപ്പടി, S.N.D.P കവല, അടിവാട് ജംഗ്ഷൻ, അടിവാട് തെക്കേ കവല, മാവുടി എൽ.പി. സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ പോസ്റ്റൽ വകുപ്പിന്റെ ലറ്റർബോക്സ് സ്ഥാപിക്കുക.

12) പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളിൽ പഞ്ചായത്തുവക പരസ്യബോർഡുകൾ സ്ഥാപിക്കുക.

13) ഈ പഞ്ചായത്തിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് തുടങ്ങുക.

14) പല്ലാരിമംഗലം Branch Post Office ഒരു സബ് പോസ്റ്റോഫീസാക്കുക.

15) അടിവാട് കൂവള്ളൂർ ഭാഗങ്ങളിൽ അശ്വാസകേന്ദ്രങ്ങൾ പണിയുക.

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡു നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ( I.R.D.P സർവ്വെ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 61 | 12 | 12 | – | 49 |
| 2 | 65 | 11 | 11 | – | 54 |
| 3 | 51 | 8 | 8 | – | 43 |
| 4 | 41 | 3 | 3 | – | 38 |
| 5 | 52 | 2 | 2 | – | 50 |
| 6 | 62 | 4 | 4 | – | 58 |
| 7 | 58 | 3 | 3 | – | 55 |
| 8 | 81 | 8 | 8 | – | 73 |

## I.R.D.P സർവ്വെ പ്രകാരം - ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 165 | 12 | 42 | 12 | 31 | 134 |
| 2 | 169 | 13 | 51 | 13 | 38 | 131 |
| 3 | 152 | 9 | 36 | 9 | 25 | 127 |
| 4 | 155 | 8 | 41 | 8 | 28 | 127 |
| 5 | 149 | 9 | 36 | 9 | 25 | 124 |
| 6 | 187 | 8 | 51 | 8 | 33 | 154 |
| 7 | 162 | 9 | 32 | 9 | 24 | 138 |
| 8 | 171 | 12 | 48 | 12 | 31 | 140 |

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

അദ്ധ്വാനശീലരും ലാഭേച്ഛയില്ലാതെ മണ്ണിനെ പൊന്നാക്കിയിരുന്നവരും സഹൃദയരും നല്ലവരുമായ ഒരു സമൂഹമായിരുന്നു ഇന്നാട്ടിലെ പട്ടികജാതിക്കാർ. ഇവർ ഭൂവുടമകളുടെ പുരയിടങ്ങളിൽ കുടിൽ കെട്ടി ത്താമസിച്ചിരുന്നു. ഭൂവുടമകളുടെ അടിമവേലചെയ്തിരുന്ന ഇക്കൂട്ടർ സ്ഥിരമായി കിടപ്പാടമില്ലാതെ അനീതിക്കും അക്രമത്തിനും വിധേയരായിട്ടുണ്ട്. 1957ലെ ഭൂപരിഷ്കരണനിയമം വന്നതിനുശേഷം സ്വന്തമായി കിടപ്പാടമില്ലാത്തമുഴുവൻപേർക്കും കിടപ്പാടം ലഭ്യമായിട്ടുണ്ട്. എങ്കിലും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ 135 കുടുംബങ്ങളിലായി 561 പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഇപ്പോഴുള്ള കോതമംഗലം താലൂക്ക് പട്ടികജാതി സഹകരണസംഘത്തിന്റെ ആ സ്ഥാനം മാവുടിയിൽ പ്രവർത്തിക്കുന്നുണ്ട്. ടി. സംഘം കൂടാതെ ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരെയും ഉൾപ്പെടുത്തി "പല്ലാരിമംഗലം പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം" എന്ന പേരിൽ ഒരു സംഘം രൂപീകരിക്കണം.
2. വീടില്ലാത്ത 104 പട്ടികജാതി കുടുംബങ്ങൾക്കു 10 സെന്റ് സ്ഥലവും 50000 രൂപാ മതിപ്പു വിലയുള്ള വീടും അതാതു പ്രദേശത്ത് ലഭ്യമാക്കണം.
3. എല്ലാ വീട്ടുകാർക്കും നടീൽ വസ്തുക്കൾ, വളം, പണിയായുധങ്ങൾ എന്നിവ സൗജന്യമായി നൽകുക.
4. മണ്ണു സംരക്ഷണത്തിന് കയ്യാല വച്ചു കൊടുക്കുക.
5. വിദ്യാഭ്യാസ നിലവാരം ഉയരുന്നതിന് വിദ്യാലയങ്ങളോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.
6. അടിവാടു വെളിയം കുന്നു കോളനി I.H.D.P. കോളനിയായി പ്രഖ്യാപിച്ച് എല്ലാ അനുകൂല്യങ്ങളും നൽകുക. അവിടെ ഒരു T.V. സെന്ററും കൂടാതെ ഒരു അഗ്രോ സർവ്വീസ് സെന്ററും സ്ഥാപിക്കുക.
7. നിലവിലുള്ള 3 പട്ടികജാതി കോളനികളിലും ഓരോ കമ്മ്യൂണിറ്റി ഹാൾ പണിയുകയും T.V. സെന്റർ സ്ഥാപിക്കുകയും ചെയ്യുക.
8. അറ്റകുറ്റ പണി നടത്താത്തതും ജീർണ്ണിച്ചതുമായ എല്ലാ പട്ടികജാതി വീടുകളും പുനരുദ്ധരിക്കുക.
9. പട്ടികജാതിക്കാർക്കും പൊതു ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
10. വാഹനങ്ങൾ വാങ്ങുന്നതിനു ഇവർക്ക് 50% സബ്സിഡിയോടുകൂടി ലോൺ അനുവദിക്കുക.
11. എല്ലാ പട്ടികജാതിക്കാർക്കും 50 വയസ്സു തികയുമ്പോൾ മുതൽ പ്രതിമാസം 250 രൂവ പെൻഷൻ അനുവദിക്കുക.
12. പട്ടികജാതി വികസന വകുപ്പ് നടത്തുന്ന തൊഴിൽ പരിശീലന കേന്ദ്രം ഈ പഞ്ചായത്തിൽ ആരംഭിക്കുക.
13. പട്ടികജാതി കോളനികളിൽ വിവിധ വിഷയങ്ങളിൽ അവർക്കു ബോധവൽക്കരണം നടത്തുന്നതിന് മാസംതോറും ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക.
14. പട്ടികജാതിക്കാർ കൂടുതലുള്ള 3-ാം വാർഡിൽ റേഷൻ കട തുറക്കുക.



# വനിതാക്ഷേമം

ഒരു വനിത പ്രസിഡന്റായുള്ള ഈ പഞ്ചായത്തിലെ മിക്കവാറും പൊതു സ്ഥാപനങ്ങളുടെ മേധാവികളും വനിതകളാണ്. എന്നിരുന്നാലും ഗ്രാമീണ വനിതകൾ പൊതുവെ സാമൂഹ്യ പ്രവർത്തനത്തിൽ പിന്നോക്കമാണ്. ഭൂരിപക്ഷം വനിതകളും ഗൃഹഭരണത്തിലും കൃഷിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ വനിതകൾക്ക് വേണ്ടത്ര തൊഴിൽ സംരംഭങ്ങളില്ല. സ്ത്രീധന സമ്പ്രദായം വനിതകളെ സംബന്ധിച്ചേടത്തോളം ഒരു ശാപമായി അവശേഷിക്കുന്നു.

വനിതകൾക്ക് ആവശ്യമായ തൊഴിൽ പരിശീലന സൗകര്യങ്ങളില്ല. ഈ പ്രദേശത്ത് വനിതാസമാജങ്ങളുടെ പ്രവർത്തനം ഇല്ലെന്നുതന്നെ പറയാം. മാതൃശിശുക്ഷേമ പ്രവർത്തനങ്ങൾ ആശാവഹമല്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. വനിതാ വ്യവസായ സംരംഭകർക്കാവശ്യമായ പ്രോത്സാഹനവും 50% സബ്സിഡിയോടുകൂടിയ വായ്പയും ലഭ്യമാക്കുക.
2. തയ്യൽ, നെയ്ത്ത്. നൂൽ നൂൽപ് എന്നിവയിൽ പരിശീലനവും സ്ഥാപനങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായവും നൽകുക.
3. നിലവിലുള്ള ട്രൈസം പരിശീലനം കൂടാതെ വനിതകൾക്ക് ചെറുകിട വ്യവസായം കൈത്തൊഴിൽ മുതലായവയിൽ പരിശീലനം നൽകുക.
4. പ്രസ്സ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം കറി പൗഡർ നിർമ്മാണം, ടൈപ്പ് റൈറ്റിംഗ് സ്ഥാപനം, S.T.D. ബൂത്തുകൾ എന്നിവയ്ക്ക് 50% സബ്സിഡിയോടുകൂടി ധനസഹായം നൽകുക.
5. പ്രതിവർഷം 100 വനിതകൾക്ക് വീതം ഹോം നഴ്സിംഗ് പരിശീലനം നൽകുക.
6. എല്ലാ വാർഡിലും ഓരോ വനിതാസമാജങ്ങൾ രൂപീകരിക്കുക.
7. വനിതകൾക്കു കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുക.
8. വനിതകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി D.W.C.R.A. യൂണിറ്റുകൾ എല്ലാ വാർഡിലും ആരംഭിക്കുക.
9. നിലവിലുള്ള മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുകയും വാർഡുതോറും പുതിയ കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.
10. സ്ത്രീധന സമ്പ്രദായമെന്ന സാമൂഹ്യ വിപത്തിനെതിരെ ബോധവത്ക്കരണം നടത്തുക.



# സംസ്കാരം

സാംസ്ക്കാരിക രംഗത്തു വളരെ ഉന്നത നിലവാരം പുലർത്തുന്ന ഒരു പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. ജനങ്ങളിൽ ഭൂരിഭാഗവും മുസ്ലീം സമുദായത്തിൽ പെട്ടവരാണെങ്കിലും എല്ലാ സമുദായത്തിൽ പെട്ടവരും ഏകോദര സഹോദരങ്ങളെപ്പോലെ വർത്തിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പല ഘട്ടങ്ങളിലും സാമുദായിക സംഘർഷങ്ങൾ ഉണ്ടായിട്ടും ഈ പ്രദേശത്ത് മതസൗഹാർദ്ദവും ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഗ്രാമവാസികളുടെ ഉയർന്ന സാംസ്ക്കാരിക നിലവാരമാണ് ഇതു സൂചിപ്പിക്കുന്നത്. ഈ ഗ്രാമവാസികളുടെ സാംസ്ക്കാരികോന്നമനത്തിനായി പത്തിൽ പരം മുസ്ലീം പള്ളികളും മദ്രസകളും ഒരു പുരാതന ക്രിസ്ത്യൻ ദേവാലയവും മൂന്ന് ഹൈന്ദവ ദേവാലയങ്ങളും ഒരു S.N.D.P കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ പ്രദേശത്ത് മൂന്നു വായനശാലകളും മറ്റു വിവിധ സാംസ്ക്കാരിക കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

### പല്ലാരിമംഗലം ദേശീയവായനശാല

1948-ൽ ആരംഭിച്ച ഈ സ്ഥാപനം ഈ പഞ്ചായത്തിന്റെ VIII-ാം വാർഡിൽ അടിവാടു സ്ഥിതി ചെയ്യുന്നു. ഇവിടെ വിവിധ ഭാഷകളിലുള്ള 6000-ൽ പരം പുസ്തകങ്ങളുണ്ട്. 750 മെമ്പർമാരിൽ 100 പേർ ലൈഫ് മെമ്പർമാരാണ്. ഈ ലൈബ്രറിയുടെ കീഴിൽ ഒരു T.V. സെന്ററും ഒരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമവാസികൾ ഇവ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

1. നിലവിലുള്ള വായനശാലാ കെട്ടിടം പുതുക്കിപ്പണിത് ഒരു ഭാഗം പഞ്ചായത്തുവക / ഗവ. വക ഏതെങ്കിലും സ്ഥാപനം തുടങ്ങുന്നതിനു വിട്ടുകൊടുക്കുക.
2. ഓരോ വർഷവും പുസ്തകം വാങ്ങുന്നതിനും മറ്റു സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ചുരുങ്ങിയത് 25,000 രൂപയെങ്കിലും പഞ്ചായത്തിൽനിന്നും അനുവദിക്കുക.
3. പുസ്തകപാരായണത്തിനും മറ്റു സാംസ്ക്കാരിക പ്രവർത്തനത്തിനും ഗ്രാമവാസികളെ ഉൽബുദ്ധരാക്കുക.
4. സാംസ്ക്കാരിക നിലവാരം ഉയർത്തുന്നതിന് സെമിനാറുകൾ നടത്തുക.

### അവുക്കാദർകുട്ടിനഹാ സാഹിബ് മെമ്മോറിയൽ ലൈബ്രറി, വെള്ളാരമറ്റം.

ബഹുമാനപ്പെട്ട സർക്കാരിന്റെ 11 ഇന പരിപാടി അനുസരിച്ച് ആരംഭിച്ചു പ്രവർത്തിക്കുന്ന ഒരു ലൈബ്രറിയാണ് ഇത്. പഞ്ചായത്തിന്റെ IV-ാം വാർഡിൽ വെള്ളാരമറ്റത്തു പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആണെന്നു പറയാൻ കഴിയില്ല.

### നിർദ്ദേശങ്ങൾ

1. ഈ ലൈബ്രറിയിൽ ആവശ്യത്തിനു പുസ്തകങ്ങളും വായനാസൗകര്യങ്ങളും ഉണ്ടാക്കുകയും ജനങ്ങളെ കൂടുതൽ വായനാശാലയുമായി ബന്ധപ്പെടുത്തുന്നതിനുവേണ്ടി ഒരു T.V. സെന്റർ അനുവദിക്കുകയും ചെയ്യുക.

### C.H. മുഹമ്മദ്കോയ മെമ്മോറിയൽ ലൈബ്രറി

ഈ ലൈബ്രറിയും 11 ഇന പരിപാടിയുടെ ഭാഗമായി ആരംഭിച്ചതാണ്. പഞ്ചായത്തിന്റെ VI-ാം വാർഡിൽ വെയിറ്റിംഗ്ഷെഡിന്റെ മുകളിലത്തെ നിലയിൽ സ്ഥിതിചെയ്യുന്ന ഈ സാംസ്ക്കാരിക കേന്ദ്രം അതിന്റെ പൂർണ്ണതയിൽ എത്തിയിട്ടില്ല.

ഈ ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങളും ഉപകരണങ്ങളും ഒരു T.V. യും പഞ്ചായത്തിൽ നിന്നും അനുവദിക്കുകയും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യണം.

### പൈമറ്റം കോളനിയിലെ T.V. സെന്റർ

ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന പൈമറ്റം കോളനിയിൽ ഒരു T.V. കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായും ജനങ്ങൾക്ക് ലഭിക്കുന്നില്ല. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി കോളനി നിവാസികൾക്ക് മാനസീകോല്ലാസത്തിനും സാംസ്ക്കാരി കോന്നമനത്തിനും പ്രയോജനപ്പെടുത്തണം.

### പൊതു നിർദ്ദേശങ്ങൾ

1. പുതുതായി താഴെ പറയുന്ന സ്ഥലങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുക.

   മണികിണർ, പൈമറ്റം, കാവ് പറമ്പ്, കൂവള്ളൂർ, കുടമുണ്ട, പുലികുന്നേപടി, മാവുടി, ഈ ലൈബ്രറികളിലും നിലവിലുള്ള മൂന്ന് ലൈബ്രറി കളിലും T.V. സെറ്റുകൾ സ്ഥാപിക്കുക.

2. അടിവാട് പഞ്ചായത്ത് വക മിനി സ്റ്റേഡിയം വിപുലീകരിക്കുകയും പുതുതായി ഓരോ വാർഡിലും മിനി സ്റ്റേഡിയം നിർമ്മിക്കുകയും വാർഡ് തോറും ഓരോ കമ്മ്യൂണിറ്റി ഹാളും സ്ഥാപിക്കുകയും ചെയ്യുക.

3. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

4. മാവുടി L.P. സ്ക്കൂളിന്റെ സമീപത്തുള്ള വില്ലേജ് യൂത്ത് ക്ലബിന്റെ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ലൈബ്രറി കെട്ടിടം പണിയുകയും ഒരു T.V. സെന്റർ സ്ഥാപിക്കുകയും ചെയ്യുക.

## സഹകരണം

സ്വന്തമായി സഹകരണ പ്രസ്ഥാനങ്ങളില്ലാത്ത ഒരു പഞ്ചായത്താണ് പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ രൂപീകരണത്തിന് മുൻപ് പോത്താനിക്കാട്, കവളങ്ങാട്, വാരപ്പെട്ടി പഞ്ചായത്തുകളുടെ ഭാഗമായിരുന്ന ഈ പ്രദേശത്തെ ജനങ്ങൾ പോത്താനിക്കാട്, കവളങ്ങാട്, ഊന്നുകൽ, കോഴിപ്പിള്ളി എന്നീ സഹകരണ സംഘങ്ങളിലെ അംഗങ്ങളായിരുന്നു. സംഘങ്ങളിലെ പ്രവർത്തനപരിധി നിശ്ചയിച്ചപ്പോൾ കോതമംഗലം ആറിന് തെക്ക് വശം പോത്താനിക്കാട് ഫാർമേഴ്സ് ബാങ്കിന് കീഴിലും, ആറിന് വടക്ക് പടിഞ്ഞാറു ഭാഗം കവഴങ്ങാട് സഹകരണ സംഘത്തിന് പരിധിയിലും, വടക്ക് കിഴക്കു ഭാഗം ഊന്ന്കൽ സഹകരണ സംഘ്ത്തിന് കീഴിലുമാണ്. ഈ പഞ്ചായത്തിലെ 80% കുടുംബങ്ങളും മേൽപറഞ്ഞ സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ്. ഈ പ്രദേശത്തെ വായ്പാ സൗകര്യങ്ങൾ ഏറ്റവും കൂടുതൽ ലഭിക്കുന്നത് പോത്താനിക്കാട് ഫാർമേഴ്സ് ബാങ്കിൽ നിന്നാണ്. ഈ ബാങ്കിന്റെ ഒരു ശാഖ 1983-ൽ ഈ പഞ്ചായത്തിൽ അടിവാട് സ്ഥാപിച്ചു. ഈ ബ്രാഞ്ചിൽ പല്ലാരിമംഗലം പ്രദേശത്തെ 3100 പേർ അംഗങ്ങളായിട്ടുണ്ട്. 10 രൂപ വിലയുള്ള 1,72,716 ഷെയറുകളും, ഒരു കോടി ഇരുപത്തഞ്ച് ലക്ഷം രൂപ നിക്ഷേപവും, രണ്ട് കോടി എൺപത്തഞ്ച് ലക്ഷം രൂപ വായ്പയും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഫാർമേഴ്സ് ബാങ്കിൽ മാത്രമായിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മേൽപറഞ്ഞ സംഘങ്ങളിലെ അംഗങ്ങളായിരിക്കുകയും പ്രസ്തുത സംഘങ്ങളിൽനിന്ന് വായ്പാ ഇടപാടുകൾ നടത്തിവരുന്നതും മൂലം ഈ പഞ്ചായത്തിന് സ്വന്തമായി ഒരു സംഘം ക്ഷിപ്രസാദ്ധ്യമായി. വായ്പാ സൗകര്യങ്ങൾ ഒഴിച്ച് മറ്റ് കാര്യമായ വികസനപ്രവർത്തനങ്ങൾക്കും മേൽപറഞ്ഞ ബാങ്കുകളുടെ സേവനം ഈ പ്രദേശത്ത് ലഭിക്കുന്നില്ല.

ജനകീയാസൂത്രണം വഴി വികസനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്തുകളെ സഹായിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും. വിത്തും വളവും മിതമായ വിലക്ക് കർഷകർക്ക് കൊടുക്കുക, കാർഷികോൽപ്പന്നങ്ങളുടെ വിപണനം നടത്തുക ഇവയെല്ലാം സഹകരണ സംഘങ്ങൾക്ക് ചെയ്യാവുന്നതാണ്. ഇപ്പോൾ ഈ പ്രദേശത്തെ ജനങ്ങൾ അംഗങ്ങളായിട്ടുള്ള സഹകരണ ബാങ്കുകളിലെ ഭരണസമിതികളിൽ പ്രാദേശിക പ്രാതിനിധ്യംഉറപ്പാക്കുന്നതിനുള്ള നിയമ നടപടികൾ നടത്തേണ്ടതാണ്. ഇതുപോലെ തന്നെ ഈ ബാങ്കുകളിലെ ലാഭവിഹിതത്തിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക ചിലവിടുന്നതിന് പ്രാദേശിക പരിഗണന കൊടുക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. നിലവിലുള്ള നാല് സഹകരണ ബാങ്കുകളിലും അംഗങ്ങളായിട്ടുള്ളവരെ അവരുടെ ആസ്ഥി ബാദ്ധ്യതകളോടെ വേർപെടുത്തി ഈ പഞ്ചായത്തിനു മാത്രമായി ഒരു സംഘം ഉണ്ടാക്കുന്നതിന് സഹകരണ ചട്ടം അനുശാസിക്കുന്ന വിധത്തിൽ നടപടികൾ നടത്തുന്നതിന് സർക്കാർ ഉചിതമായ നടപടി കൈക്കൊള്ളുക.
2. വ്യവസായ പുരോഗതിക്കായി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
3. ഒരു സഹകരണ കോളേജ് സ്ഥാപിക്കുക.
4. ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക.

കൂടാതെ താഴെ പറയുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.

1. കുടിൽ വ്യവസായ സഹകരണ സംഘം.
2. കൈത്തറി വ്യവസായ സഹകരണ സംഘം.
3. മാർക്കറ്റിംഗ് സഹകരണ സംഘം.
4. ഭവന നിർമ്മാണ സഹകരണ സംഘം.
5. റബ്ബർ ഉല്പാദക സഹകരണ സംഘം.
6. കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്.
7. സഹകരണ വ്യവസായ പരിശീലന കേന്ദ്രം.
8. വനിത സഹകരണ സംഘം.
9. കരാർ പണിക്കാരുടെ സഹകരണ സംഘം.

കൂടാതെ പോത്താനിക്കാട് ഫാർമ്മേഴ്സ് ബാങ്കിന്റെ പൊതുയോഗം ഒന്നിടവിട്ട വർഷങ്ങളിൽ അടിവാട് വച്ച് നടത്തുകയും വാർഡ് തല ഇലക്ഷൻ നടത്തുകയും വോട്ടിംഗിനുള്ള സൗകര്യം അടിവാട് ഏർപ്പെടുത്തുകയും ചെയ്യുക.

# വിഭവസമാഹരണം

എറണാകുളം ജില്ലയിലെ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് പല്ലാരിമംഗലം പഞ്ചായത്ത്. വരുമാനത്തിൽ കൂടുതൽ ചിലവുവരുന്ന അവസ്ഥയാണ് ഇന്നുള്ളത്. സ്ഥിരമായി വരുമാനം ലഭിക്കുന്ന വ്യവസായങ്ങളോ മറ്റ് ഇതര സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന ഗ്രാന്റ് കൊണ്ടാണ് പഞ്ചായത്ത് നിലനിന്നു പോരുന്നത്.

**നിർദ്ദേശങ്ങൾ**

വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന് തനതായ വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട് വിഭവസമാഹരണത്തിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

1. നികുതി പിരിവ് കാര്യക്ഷമമാക്കുക. 5 ലക്ഷം രൂപക്കു മേൽ മുതൽ മുടക്കുള്ള കെട്ടിടങ്ങൾക്ക് മുടക്ക്മുതലിന്റെ ഒരു ശതമാനം അധിക നികുതി പിരിക്കുക.
2. മൂന്ന് ഏക്കറും അതിൽ കൂടുതലും തോട്ടങ്ങളുള്ള ഭൂവുടമകളിൽ നിന്നും ഏക്കറിന് 50 രൂപ വീതം പ്രതിവർഷം നികുതി ഈടാക്കുക.
3. വികസനപ്രവർത്തനങ്ങൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കുക.
4. സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളുടെ മാനദണ്ഡം ഉയർത്തുക.
5. നികുതി പിരിവ് കാര്യക്ഷമമാക്കുക.
6. ഗൾഫ് മലയാളികളിൽ നിന്നും നിക്ഷേപസമാഹരണം നടത്തി പഞ്ചായത്തിന്റെ വിഭവസമാഹരണം ഊർജ്ജിതപ്പെടുത്തുക.
7. ഒരു സർവ്വെയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സാമ്പത്തികാടിസ്ഥാനത്തിലുള്ള തരംതിരിക്കൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി പരിഷ്ക്കരിക്കുകയും ചെയ്യുക.

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995–96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 74459 | 74459 | |
| സർവ്വീസ് ചാർജ്ജ് | – | – | |
| തൊഴിൽ നികുതി | 62940 | 62940 | |
| വാഹന നികുതി | – | – | |
| വിനോദ നികുതി | – | – | |
| അഡി. വിനോദ നികുതി | – | – | |
| പ്രദർശന നികുതി | – | – | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | – | – | |
| ചന്തവരവ് | – | – | |
| ലാന്റ് വരവ് | – | – | |
| ലൈസൻസ് വരവ് | – | – | |
| കെട്ടിട നികുതി സർചാർജ്ജ് | – | – | |
| വസ്തു കൈമാറ്റ നികുതി 75% | 51446 | 51446 | |
| വസ്തു കൈമാറ്റ നികുതി 25% | 240000 | 240000 | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 62770 | – | |
| സംഭാവന | – | – | |
| ഡെപ്പോസിറ്റ് | 9500 | 9500 | |
| മറ്റുള്ളവ | – | – | |
| ആകെ | 501115 | 501115 | |

ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C.B. (1995-96)

| ഇനം | തുക |
|---|---|
| ഭരണം | 331684 – 00 |
| പൊതുമരാമത്ത് | 107233 – 00 |
| വിദ്യാഭ്യാസം | 35972 – 00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 3004 – 00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 16002 – 00 |
| മറ്റുള്ളവ | 608920 – 00 |
| ആകെ | 1102815 – 00 |

പൊതു സാമ്പത്തിക നില Ref. B

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 933314 | 254790 | 15096 |
| ചെലവ് | 558109 | 526147 | 18560 |

## പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്
## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ - 1995-96

പൊതുവിതരണ കേന്ദ്രത്തിന്റെ നമ്പരും പേരും .

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സിന് മേൽ) | മൈനർ (3-12വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | മൈദ | റവ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് | കാർഡ്വഴി വിതരണം ചെയ്തത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ARDNo. | 194 | 226 | 420 | 1841 | 472 | 2313 | 432 | 418 | 20 | 8 | 115 | | 993 | 18 | 3020 | 1518 |
| 1991-92 | | | | | | | | | | | | | | | | |
| ARD 63 | 95 | 219 | 314 | 1321 | 369 | 1690 | 340 | 336 | 26 | 8 | 86 | - | 796 | 15 | 2030 | 913 |
| ARD 66 | 135 | 190 | 325 | 1251 | 320 | 1571 | 414 | 402 | 18 | 8 | 67 | - | 909 | 38 | 5050 | 1055 |
| 1992-93 | | | | | | | | | | | | | | | | |
| ARD 67 | 204 | 265 | 469 | 1767 | 537 | 2304 | 430 | 440 | 11 | 20 | 116 | - | 1017 | 89 | 11880 | 1550 |
| ARD 68 | 159 | 102 | 216 | 1045 | 347 | 1392 | 410 | 465 | 8 | 16 | 59 | - | 958 | 17 | 2400 | 1000 |
| 1993-94 | | | | | | | | | | | | | | | | |
| ARD 92 | 76 | 121 | 197 | 874 | 203 | 1077 | 380 | 370 | 5 | 8 | 49 | - | 812 | 38 | 4850 | 622 |
| ARD | | | | | | | | | | | | | | | | |
| 1994-95 | 102 | 116 | 218 | 837 | 259 | 1096 | 360 | 354 | 6 | 9 | 54 | - | 783 | 23 | 2520 | 742 |

# കർമ്മസമിതി

### 1. കൃഷിയും ജലസേചനവും
ചെയർമാൻ: കെ.പി. സൈനുദ്ദീൻ, വൈസ് പ്രസിഡന്റ്.
കൺവീനർ: ജോബി കെ. മത്തായി, കൃഷി ഓഫീസർ.
ജോ. കൺവീനർ: കെ.കെ. ഹുസൈൻ, കൃഷി ഭവൻ.

### 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
ചെയർമാൻ: പാത്തുമ്മ മൊയ്തു, മെമ്പർ.
കൺവീനർ: ഡ്വ. സുൾഫിക്കർ സലീം, വെറ്റിനറി സർജൻ
ജോ. കൺവീനർ: പി.കെ. മൊയ്തു.

### 3. വിദ്യാഭ്യാസം
ചെയർമാൻ: കെ.പി. മക്കാർ, മെമ്പർ.
കൺവീനർ: കെ.കെ. മൈതീൻ, ജൂനിയർ സൂപ്രണ്ട്, ഡി.ഇ.ഒ. ഓഫീസ്
ജോ. കൺവീനർ: എം.എം. അഷറഫ്

### 4. പൊതുജനാരോഗ്യം കുടിവെള്ളം
ചെയർമാൻ: പി.ഇ. മുഹമ്മദ്ഷാ, മെമ്പർ.
കൺവീനർ: ഡ്വ. ഇ.എ. ഗംഗാധരൻ, സവിൽ സർജൻ.
ജോ. കൺവീനർ: ഇബ്രാഹിം, കാരോത്തുകുഴി.

### 5. വ്യവസായം
ചെയർമാൻ: കെ.പി. മക്കാർ, മെമ്പർ.
കൺവീനർ: എം.എൻ. രാധാകൃഷ്ണൻ
ജോ. കൺവീനർ: കെ.എ. സെയ്ത്.

### 6. ഗതാഗതവും ഊർജ്ജവും
ചെയർമാൻ: കെ.എം. ബാവുക്കുട്ടി, മെമ്പർ.
കൺവീനർ: വി.എം. മുഹമ്മദ്, അസി. എൻജിനീയർ
ജോ. കൺവീനർ: പി.പി. ജോയി, പഞ്ചായത്ത് ഓഫീസ്.

### 7. പാർപ്പിടവും സാമൂഹ്യക്ഷേമവും
ചെയർമാൻ: മീരാബീവി അബ്ദുൽറഹിമാൻ, മെമ്പർ.
കൺവീനർ: എ.എം. അബ്ദുൽകരീം സാഹിബ്, വി.ഇ.ഒ.
ജോ. കൺവീനർ: കെ.എം. സിദ്ദിഖ്.

### 8. സംസ്ക്കാരം
ചെയർമാൻ: മീരാബീവി അബ്ദുൽറഹിമാൻ, മെമ്പർ.
കൺവീനർ: എസ്. വാസു, ഗവ. ഹൈസ്ക്കൂൾ, പല്ലാരിമംഗലം.
ജോ. കൺവീനർ: എം.കെ. കണ്ണൻകുട്ടി, ദേശീയവായനശാല.

### 9. വനിതാക്ഷേമം
ചെയർമാൻ: കദീജാ മക്കാർ, പ്രസിഡന്റ്.
കൺവീനർ: കെ.എം. നെബീസാ, ഹെഡ്മിസ്ട്രസ്
ജോ. കൺവീനർ: പ്രസന്ന രമണൻ, മഹിളാ പ്രധാൻ.

### 10. സഹകരണം.
ചെയർമാൻ: കെ.എം. ബാവുക്കുട്ടി, മെമ്പർ.
കൺവീനർ: കെ.ഇ. സെയ്തുമുഹമ്മദ്, സിവിൽ സപ്ലൈസ്.
ജോ. കൺവീനർ: പി.പി. അലിയാർ, ഗവ. വി.എച്ച്. എസ്.എസ്. സ്ക്കൂൾ, പല്ലാരിമംഗലം.

### 11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
ചെയർമാൻ: എം. എ. തങ്കപ്പൻ, മെമ്പർ.
കൺവീനർ: എ.കെ. ശങ്കരൻ, പ്രസിഡന്റ്, K.L.M. ഹരിജൻ സൊസൈറ്റി.
ജോ. കൺവീനർ: എം. അബ്ദുൽറഹിമാൻ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്.

### 12. വിഭവ സമാഹരണം
ചെയർമാൻ: കദീജ മക്കാർ, പ്രസിഡന്റ്.
കൺവീനർ: പി.ഒ. ജോയി, സെക്രട്ടറി.
ജോ. കൺവീനർ: കെ.എം. അലിയാർ,
ഫാർമേഴ്സ് കോ.ഓ. ബാങ്ക്, പോത്താനിക്കാട്.

# ഉപസംഹാരം

*ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി രൂപം കോള്ളുന്ന ഈ അവസരത്തിൽ നമ്മുടെ പഞ്ചായത്തും അതിനോടൊപ്പം സഹകരിച്ച് മുന്നേറുകയാണ്. പദ്ധതി വിഹിതത്തിൽ നിന്നും ഈ പഞ്ചായത്തിന് കിട്ടുന്ന വിഹിതം കൊണ്ടുമാത്രം ഈ റിപ്പോർട്ടിൽ പറയുന്ന മുഴുവൻ കാര്യങ്ങളും നടത്താൻ കഴിയുകയില്ലെന്ന് അറിയാമല്ലോ? ആയതിനാൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും പൂർണ്ണ പങ്കാളാത്തത്തോടെ ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം. ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച മുഴുവൻ പേർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇത് അവസാനിപ്പിക്കുന്നു.*

*എന്ന്*

*സെക്രട്ടറി*
*(ഒപ്പ്)*
*പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്.*

*പ്രസിഡന്റ്,*
*(ഒപ്പ്)*
*പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്.*

INSTITUTE OF LOCAL ADMINISTRATION
...SSUR-680581
4266